നം:കെ.എസ്.എ.ടി.ആർ.എം.2/06/2019 തീയ്യതി :02.02.2019

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയുടെ 2017 - 2018സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 - ലെ കേരളാ നഗരപാലികാ നിയമം, വകുപ്പ് 295(4), 1994 - ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996 - ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയുടെ 2017 - 2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും കൺകറന്റ് ഓഡിറ്റ് സംവിധാനമായതിനാൽ എല്ലാ ദിവസവും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

| | | | |
|---|---|---|---|
| (എ) | ഓഡിറ്റ് നടത്തിയതിന്റെ വിവരം | | |
| | ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.ജലീൽ<br>ഡെപ്യൂട്ടി ഡയറക്ടർ |
| | ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 01.02.2018മുതൽ 05.01.2019 വരെ |
| | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.രാജേഷ് സി. ഹരിബാൽ<br>ഓഡിറ്റ് ഓഫീസർ<br>01.02.2018മുതൽ 05.05.2018 വരെ |
| | | : | ശ്രീമതി.മായാ മാധവൻ<br>ഓഡിറ്റ് ഓഫീസർ<br>14.05.2018 മുതൽ 01.09.2018 വരെ |
| | | : | ശ്രീ.ജയകൃഷ്ണൻ.എസ്.<br>ഓഡിറ്റ് ഓഫീസർ<br>07.01.2018 മുതൽ 05.01.2019 വരെ |
| | | : | ശ്രീ.മുഹമ്മദ് മുസ്തഫ.പി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | : | ശ്രീ.മിലാഷ്.സി.എൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | : | ശ്രീ.അനീത് ബാബു.കെ.ടി<br>ഓഡിറ്റർ |
| (ബി) | നിർവ്വഹണാധികാരികൾ | | |
| | ചെയർമാൻ | : | അഡ്വ. എസ്.ഗിരീഷ്,<br>01.04.2017 മുതൽ 31.03.2018 വരെ |
| | സെക്രട്ടറി | : | ശ്രീ. വി.ജെ കുര്യൻ<br>01.04.2017മുതൽ 26.05.2017വരെ |

| | | |
|---|---|---|
| | | ശ്രീമതി. രേണുക<br>27.05.2017മുതൽ 28.07.2017വരെ<br>(ഇൻ ചാർജ്) |
| | | ശ്രീ. വിനു. സി. കുഞ്ഞപ്പൻ<br>29.07.2017മുതൽ 31.03.2018 വരെ |

| (സി) | നിർവ്വഹണോദ്യോഗസ്ഥർ |
|---|---|

| ഉദ്യോഗപ്പേര് | | പേര് | | കാലയളവ് |
|---|---|---|---|---|
| നഗരസഭ എഞ്ചിനീയർ | : | ശ്രീ സി.എം. സജീന്ദ്രൻ | : | 01.04.2017 മുതൽ 10.05.2017 വരെ |
| | : | ശ്രീ.മണികണ്ഠകുമാർ.ടി | : | 11.05.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.അരുൺ നാരായണൻ | | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | : | ഡോ.രഘുപ്രസാദ്. | : | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | | ഡോ. വിനോദ്. | | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | | ശ്രീ.വിജയൻ.എം.എം. | | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി അമ്പിളി. പി.ബി. | : | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഫീൽഡ് ഓഫീസർ | : | ശ്രീ. റഷീദ്.പി.പി. | : | 01.04.2017 മുതൽ 31.03.2018 വരെ |

| | | | | |
|---|---|---|---|---|
| സീനിയർ വെറ്ററിനറി സർജൻ | | ഡോ. പി.യു. അബ്ദുൽ അസീസ് | | 01.04.2017 മുതൽ 02.06.2017 വരെ |
| | : | ഡോ. ഉഷ | : | 03.06.2017 മുതൽ 31.03.2018വരെ |
| പ്രധാനാധ്യാപകൻ | : | ശ്രീ.അനിൽ കുമാർ.കെ.പി. | : | 01.04.2017മുതൽ 31.03.2018 വരെ |
| പ്രൊജക്റ്റ് ഓഫീസർ സി.ഡി.എസ്. | : | ശ്രീ രാജീവൻ ഐ.വി. | : | 01.04.2017 മുതൽ 26.10.2017 വരെ |
| | : | ശ്രീ രഞ്ജിത് എ. | | 27.10.2017 മുതൽ 18.01.2018 വരെ |
| | : | ശ്രീ രാജീവൻ ഐ.വി | | 19.01.2018 മുതൽ 31.03.2018വരെ |
| വ്യവസായ വികസന ഓഫീസർ | : | വി. മുഹമ്മദ്. | : | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | 9 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | 9 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 | 9 |
| 4 | സാമ്പത്തിക വിശകലനം | 1-4 | 9 |
| 5 | ഫണ്ട് വിനിയോഗം | 1-5 | 9-10 |
| 6 | പദ്ധതി അവലോകനം | 1-6 | 10 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-7 | 10 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | 12 |
| 9 | ക്യാഷ് പരിശോധന | 1-9 | 12 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | 12 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | 11-12 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | 12 |
| ഭാഗം 2 | | | |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-1 | 12-17 |
| 14 | വസ്തുനികുതി പരിഷ്കരണനടപടികൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതാണ്. | 2-2 | 17-18 |
| 15 | വാടകക്കാരിൽ നിന്നും വാടക ഈടാക്കിയില്ല- 20,19,779/-രൂപ കുടിശ്ശിക | 2-3 | 18-22 |
| 16 | നഗരസഭ പഴയ ബസ്സ്റ്റാന്റ് കെട്ടിടത്തിലെ കോണിമുറി കൈമാറ്റം ഡെപ്പോസിറ്റ് ഈടാക്കിയത് - വിശദാംശങ്ങൾ അറിയിച്ചില്ല. | 2-4 | 22 |
| 17 | അഭയം ഡയാലിസിസ് സൊസൈറ്റിയുടെ പരിപാടിക്ക് വിനോദനികുതി ഒഴിവാക്കി നൽകിയത് - സർക്കാർ അനുമതി | 2-5 | 23 |

| | | | |
|---|---|---|---|
| | ലഭ്യമാക്കിയിട്ടില്ല | | |
| 18 | പരസ്യനികുതിയിനത്തിലെ കുടിശിക അടിയന്തരമായി പിരിച്ചെടുക്കേണ്ടതാണ്. | 2-6 | 23 |
| 19 | ചരക്കുസേവനനികുതിയുടെ പരിധിയിൽ വരുന്ന നികുതിവരവുകൾ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2-7 | 23 |
| 20 | ചരക്കുസേവനനികുതിയുടെ പരിധിയിൽ വരുന്ന നികുതിവരവുകൾ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2-8 | 23 |
| ഭാഗം 3 | | | |
| 21 | കേരളോത്സവം 2017-ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ₹ 48,212/- തടസ്സം ചെയ്യുന്നു. | 3-1 | 24 |
| 22 | അപകട ഭീഷണിയുള്ള മരങ്ങൾ വെട്ടിമാറ്റുന്നുവെങ്കിലും തടികൾ ലേലം ചെയ്യുന്നില്ല. ചെലവ് തുക₹16,500തടസ്സം ചെയ്യുന്നു | 3-2 | 24 |
| 23 | ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ ഡയറീസ്-വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക ₹25,000 തടസ്സം ചെയ്യുന്നു. | 3-3 | 24-25 |
| 24 | സാക്ഷരതാമിഷൻ പ്രേരക് മാർക്ക് ഓണറേറിയം നൽകിയ ₹ 1,96,609/- ക്രമീകരിച്ചില്ല. | 3-4 | 25 |
| 25 | എസ്.എസ്.എ. വിഹിതം നൽകിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹ 24,07,765യുടെ ചെലവ് തടസപ്പെടുത്തുന്നു. | 3-5 | 25 |

| | | | |
|---|---|---|---|
| 26 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങി നൽകിയത് - രേഖകൾ ഹാജരാക്കിയില്ല - ₹ 2,50,000 തടസപ്പെടുത്തുന്നു. | 3-6 | 25 |
| 27 | ഗ്രോബാഗ് വിതരണം : മാർഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല - ₹ 14,225/- തടസ്സപ്പെടുത്തുന്നു. | 3-7 | 26 |
| 28 | അർഹതയില്ലാത്തവർക്ക് ലാപ്ടോപ്പ് നൽകി- ₹58,000/- നിരാകരിക്കുന്നു.₹ 87,000 തടസ്സം ചെയ്യുന്നു. | 3-8 | 26-27 |
| 29 | കേരളാ സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക ₹ 10,00000/- തടസ്സം ചെയ്യുന്നു. | 3-9 | 27 |
| 30 | ദേശീയ പെൻഷൻ പദ്ധതി-കുടിശ്ശിക തുക ₹18,57,868 -നിർജ്ജീവ നിക്ഷേപമായി -തനത് ഫണ്ടിൽ കിടക്കുന്നു | 3-10 | 28 |
| 31 | മുൻകുറുകൾ ക്രമീകരിച്ചിട്ടില്ല.₹50,41,716.93/- | 3-11 | 28-29 |
| 32 | കണ്ടീജന്റ് പെൻഷൻ -അടിസ്ഥാന പെൻഷനിൻമേൽ ക്ഷാമ ആശ്വാസം കണക്കാക്കുന്നില്ല. | 3-12 | 29-30 |
| 33 | വൃദ്ധജനങ്ങൾക്ക് പകൽവീട് പദ്ധതി-അപാകതകൾ | 3-13 | 30-31 |
| 34 | നഗരസഭ ഓഫീസ് താഴത്തെ നില നവീകരണം-അപാകതകൾ | 3-14 | 31-32 |
| 35 | സ്ട്രീറ്റ് ലൈറ്റ് എ.എം.സി സംബന്ധിച്ച് | 3-15 | 32 |
| 36 | എർത്ത് വർക്ക് എക്സവേഷൻ - കുഴിച്ചെടുത്ത മണ്ണിന്റെ വിവരം ലഭ്യമല്ല | 3-16 | 32-33 |
| 37 | ഓൾഡ് പോസ്റ്റോഫീസ് റോഡ് പുനരുദ്ധാരണം-അപാകതകൾ | 3-17 | 33 |

| | | | |
|---|---|---|---|
| 38 | ഫയർ സ്റ്റേഷൻ റോഡ് നിർമ്മാണം- ആസ്തി സംബന്ധിച്ച റവന്യൂ രേഖകൾ കാലികമാക്കാത്തതിലെ അപാകതകൾ | 3-18 | 33-34 |
| 39 | വാട്ടർ അതോറിറ്റിക്ക് നല്കിയ ഡെപ്പോസിറ്റ് തുകകളുടെ കൈപ്പറ്റ് , വിനിയോഗസാക്ഷ്യപത്രം എന്നിവയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-19 | 34 |
| 40 | മോർഡ് സ്പെസിഫിക്കേഷനിലുള്ള ബിറ്റുമിൻ ഉപയോഗപ്പെടുത്തിയില്ല-റീടാറിംഗിൽ നഷ്ടം | 3-20 | 34-35 |
| 41 | മൽസ്യ-മാംസ മാർക്കറ്റിലെ ദ്രവമാലിന്യശുദ്ധീകരണപ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല | 3-21 | 35-36 |
| ഭാഗം 4 | | | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 36 |
| 43 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 36 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | 37 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | 37 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | 37 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 | 38 |
| 48 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | 38-39 |
| 49 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 | 39 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | 39-41 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | 41-42 |

| | | | |
|---|---|---|---|
| 52 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 | 42 |
| 53 | 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | അനുബന്ധം 2 | 42-43 |
| 54 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ബാലൻസ് ഷീറ്റ് | അനുബന്ധം 3 | 43-49 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-2018 - വർഷത്തെ ബജറ്റ് 27.03.2017 -ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27.03.2018 -ലെ 1-ാം കൗൺസിൽ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.07.2018 | - | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 03.09.2018, 04.09.2018 | നം.കെ.എസ്.എ.ടി.ആർ.എം.2/268/2018<br>തീയ്യതി 14.09.2018<br>ക്വാളിഫൈഡ് സാക്ഷ്യപത്രം |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 8,47,73,506.28 |
| വരവ് | ₹ 27,08,89,742 |
| ആകെ | ₹ 35,56,61,248.28 |

| | |
|---|---|
| ചെലവ് | ₹ 25,45,02,491 |
| നീക്കിയിരിപ്പ് | ₹ 10,11,60,757.28 |

(സാംഖ്യയിൽ അധിഷ്ഠിതമായ വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് കണക്കുകളുടെ സംക്ഷിപ്തമാണ് ഇവിടെ നൽകിയിരിക്കുന്നത്.)

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 3,76,86,000 | 3,76,86,000 | 3,28,77,103 | 48,08,897 | 87.24 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,46,71,000 | 1,46,71,000 | 98,57,386 | 48,13,614 | 67.19 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,70,02,307 | 1,70,02,397 | 1,69,33,644 | 68,663 | 99.60 |
| സംരക്ഷണ ഗ്രാന്റ് (നോൺ -റോഡ്) | 0 | 94,13,366 | 94,13,366- | 93,61,187 | 52,179 | 99.45 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4,62,00,184 | 4,62,00,184 | 4,06,72,898 | 55,27,286 | 88.04 |
| പെർഫോമൻസ് ഗ്രാന്റ് | 58,34,734 | 0 | 58,34,734 | 57,90,484 | 44,250 | 99.24 |
| അയ്യങ്കാളി തൊഴിലുറപ്പ് | 24,18,069 | 1,27,677 | 25,45,746 | 14,97,215 | 10,48,531 | 58.81 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | 22,214 | 0 | 22,214 | 0 | 22,214 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 29,15,727 | 2,05,02,000 | 2,34,17,727 | 2,31,96,836 | 2,20,891 | 99.05 |
| തനത് ഫണ്ട് | 2,14,49,126 | 8,67,15,629 | 10,81,64,755 | 8,75,67,639 | 2,05,97,116 | 80.95 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചപ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 340 | 24,46,44,170 | 244 | 11,54,92,702 | 66 | 30 | 71.76 |

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ നേട്ടങ്ങളും കോട്ടങ്ങളും ഭാഗം - 3 - ലെ പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 24,18,069/- | 1,27,677/- (പലിശ) | 25,45,746/- | 14,97,215/- | 10,48,531/- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48,120 | 37 |
| കർഷകത്തൊഴിലാളി പെൻഷൻ | 9,20,300 | 87 |
| വിധവാപെൻഷൻ | 1,82,67,300 | 1,670 |
| വാർദ്ധക്യകാലപെൻഷൻ | 3,16,82,200 | 2,847 |
| വികലാംഗപെൻഷൻ | 48,42,700 | 455 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 6,03,400 | 53 |

## 1-9 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, ഓഡിറ്റ് കാലയളവിൽ 03.05.2018, 30.08.2018, 30.10.2018, 27.12.2018 എന്നീ തീയ്യതികളിൽ സ്ഥാപനത്തലവന്റെ /ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1)തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും വിവിധ നികുതിയിനത്തിൽ ഡിമാന്റ് ചെയ്യുന്ന തുക കുടിശ്ശികയായി കാലഹരണപ്പെട്ടു പോകാതെ യഥാസമയം പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) സെക്ഷനുകളുടെ ഫയൽ പരിപാലനം കാര്യക്ഷമമല്ല.

4)നിർവ്വഹണോദ്യോഗസ്ഥരുടെ പ്രൊജക്ട് ഫയലിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട്

സൂക്ഷിച്ചിട്ടില്ല.

5)ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തുവെങ്കിലും ആയത് ഡിജിറ്റൽ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.ആയത് പൂർണ്ണവിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കിയിട്ടില്ല. ജി.ഒ.(ആർ.ടി)നം.166/2017/എൽ.എസ്.ജി.ഡി. തിയ്യതി.20.01.2017 ഖണ്ഡിക XIV ൽ നിർദ്ദേശിക്കുന്ന പ്രകാരം ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

6)01.02.2012ലെ ജി.ഒ.(പി)നം.13/2012/പി.ഡബ്ല്യൂ.ഡി. നം.പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ നം.2109,അപെൻഡിക്സ് 2100 ഇ 1ൽ കൊടുത്തിട്ടുള്ള മാതൃകയിലുള്ള അളവ് പുസ്തകങ്ങളും അപെൻഡിക്സ്2100 ഇ 2 മാതൃകയിലുള്ള ലെവൽ ഫീൽഡ് പുസ്തകങ്ങളും ഉപയോഗിക്കേണ്ടതാണ്. സെക്ഷൻ നം.2113 അപെൻഡിക്സ് 2100 ജി.യിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതാണ്.

7) നഗരസഭയിലെ റോഡുകളുടെ പേരും വിസ്തൃതിയും വ്യക്തമാക്കുന്ന രീതിയിൽ ഒരു റോഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

8)ഓഡിറ്റ് കാലയളവിൽ നൽകിയ അന്വേഷണ കുറിപ്പുകൾക്ക് നിശ്ചിത സമയത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. 44 ഓഡിറ്റ് അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 18 അന്വേഷണ കുറിപ്പുകൾക്ക് മാത്രമാണ് മറുപടി ലഭ്യമാക്കിയത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.02.2015മുതൽ 28.02.2015 വരെ | 2012-2013 മുതൽ 2013-2014 വരെ | 16.03.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-06-2018 മുതൽ 26-06-2018 വരെ | 2015-16 മുതൽ 2017-18 വരെ | 13.08.2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഇല്ല

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

a)സ്ഥാപന തൊഴിൽ നികുതി -കുടിശ്ശിക പിരിവ് -കാര്യക്ഷമമല്ല.

2017-18 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2008-09 വർഷം മുതൽ 2016-17 വരെ കുടിശ്ശികയിനത്തിൽ ഭീമമായ തുക പിരിച്ചെടുക്കാനുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| 2008-09 | 126790 | 1800 | 124990 |
| 2009-10 | 149390 | 600 | 148790 |
| 2010-11 | 208640 | --- | 208640 |
| 2011-12 | 313360 | 9850 | 303510 |
| 2012-13 | 484130 | 1800 | 482330 |

| | | | |
|---|---|---|---|
| 2013-14 | 814750 | 5780 | 808970 |
| 2014-15 | 577200 | 12680 | 564520 |
| 2015-16 | 632390 | 15770 | 616620 |
| 2016-17 | 382150 | 124070 | 258080 |
| ആകെ | 3688800 | 172350 | 3516450 |

കുടിശ്ശികയിനത്തിലെ തുക യഥാ സമയം പിരിച്ചെടുക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് 15.12.2018 നൽകിയ ഓഡിറ്റ് എൻക്വയറി 22/2017-18 ന് നാളിതു വരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കാത്തതിനാൽ നികുതിയിനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- ₹ 2750/-നഷ്ടം

2017-18വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ,വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷം വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | ജീവനക്കാരന്റെ പേര് | സ്ഥാപനം | അർദ്ധ വർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ജിമ.എൻ,അസി.വെയർ ഹൗസ് മാനേജർ | ജില്ലാ മരുന്ന് സംഭരണ വിതരണ ശാല | 1,56,775 | 1000 | 1250 | 250 |
| 2 | സൗമ്യ.കെ.പി,ഫാർമസിസ്റ്റ് | ജില്ലാ മരുന്ന് സംഭരണ വിതരണ ശാല | 69,925 | 450 | 600 | 150 |
| 3 | നിഷ.കെ.വി,പാർട്ട് ടൈം സ്വീപ്പർ | ജില്ലാ ആശുപത്രി,തിരൂർ | 55614 | 300 | 450 | 150 |
| 4 | സുബ്രമണ്യൻ.പി.പി.പാർട്ട് ടൈം സ്വീപ്പർ | ജില്ലാ ആശുപത്രി,തിരൂർ | 54614 | 300 | 450 | 150 |
| 5 | ദിജു.ജി.സി, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേ.2 | ജില്ലാ ആശുപത്രി,തിരൂർ | 129960 | 750 | 1250 | 500 |
| 6 | സതീഷൻ.എം, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേ.2 | ജില്ലാ ആശുപത്രി,തിരൂർ | 129960 | 750 | 1250 | 500 |
| 7 | സുബ്രമണ്യൻ.എ,എച്ച്.എ. ഗ്രേ.1 | ജില്ലാ ആശുപത്രി,തിരൂർ | 140562 | 1000 | 1250 | 250 |
| 8 | ദീപക്.കെ.വി. ക്ലർക്ക് | ജില്ലാ ആശുപത്രി,തിരൂർ | 129960 | 450 | 1250 | 800 |
| ആകെ | | | | | | 2750 |

ഇതു സംബന്ധിച്ച് 15.12.2018ന് നൽകിയ ഓഡിറ്റ് എൻക്വയറി :23/2017-18 മറുപടി നൽകിയിട്ടില്ല. നികുതിയിനത്തിൽ കുറവ് വന്ന ₹ 2750 ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

c)ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

2017-18തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തത് നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ.നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | നാഷണൽ വെഹിക്കിൾ മാർട്ട്, തിരൂർ |
| 2 | കള്ളിയത്ത് സ്റ്റീൽസ്,തിരൂർ |
| 3 | കള്ളിയത്ത് സാനിട്ടേഷൻ,തിരൂർ |
| 4 | ന്യൂ വെൽ ഡയഗ്നോസ്റ്റിക്സ്,തിരൂർ |
| 5 | അനിൽ കുര്യാക്കോസ് ദന്തൽ ക്ലിനിക്,തിരൂർ |

| | |
|---|---|
| 6 | നിയാസ്,ഐ.ബി.പി.പെട്രോളിയം തിരൂർ |
| 7 | ജമീല പെട്രോളിയം.തിരൂർ |
| 8 | ശങ്കർ ആയുർവേദിക്സ്,ഡോ.ജയപ്രകാശ്. |
| 9 | ശിഫാ ദന്താശുപത്രി. ഡോ.സിദ്ധീഖ് |
| 10 | കോർ ഡയഗ്നോസ്റ്റിക്സ്,ഡോ.ഷാഹിന |
| 11 | മിസിയ ഫാഷൻ ടെക്സ്റ്റയിൽസ്,തിരൂർ |
| 12 | ഡോ.കെ.പി. ബഷീർ(മുംതാസ്) ഡന്റൽ ക്ലിനിക്,തിരൂർ |
| 13 | സ്കൂൾ ഓഫ് ഫൈനാർട്സ് തിരൂർ |
| 14 | ചെറുപുരക്കൽ ബാങ്കേഴ്സ്,തിരൂർ |
| 15 | പൂല്ലൂർ ബാങ്കേഴ്സ്,തിരൂർ |
| 16 | കാരുണ്യ ഡന്റൽ ക്ലിനിക്, ഡോ.മോഹനൻ |
| 17 | ഐഡിയൽ ഡന്റൽ ക്ലിനിക്, |
| 18 | കെൻസ് ഡന്റൽ ക്ലിനിക് ,സുൽഫത്ത് മോൾ |
| 19 | ഫാത്തിമ ഡന്റൽ ക്ലിനിക് തിരൂർ,ഡോ.മുഹമ്മദ് സിറാജ് |
| 20 | ഫാത്തിമ സ്പെഷാലിറ്റി ലാബ്,തിരൂർ |
| 21 | സുപ്പീരിയർ ഹോമിയോ ക്ലിനിക്,ഡോ.മുഹമ്മദ് നാദിർ |
| 22 | ദന്ത സമൈൽ,ഡോ.മുഹമ്മദ് സാലിഹ് |
| 23 | മോഡേൺ ഫാർമസിട്ട്യൂക്കൽസ് തിരൂർ |
| 24 | നഹത്ത് ആയുർ ക്ലിനിക്, ഡോ.ഫാത്തിമ ഫൗസിയ |
| 25 | യുണൈറ്റഡ് ട്രാവൽസ് തിരൂർ |
| 26 | അജന്ത സ്റ്റുഡിയോ തിരൂർ |
| 27 | മെഡോർ മെഡിക്കൽസ്,തിരൂർ |
| 28 | ഡോ.സമീർ പൂക്കയിൽ ഹോമിയോ ക്ലിനിക് |
| 29 | ഡോ.മെഹറുന്നീസ,ഓഡിയോളജി &സ്പീച്ച് തെറാപ്പി തിരൂർirc specifications for roads free pdf download |
| 30 | സ്മൈൽ കെയർ ദന്താശുപത്രി,ഡോ.ജനീഷ് |
| 31 | എമ്പയർ സിൽക്സ്,തിരൂർ |
| 32 | ശിഫ മെഡിക്കൽസ്,തിരൂർ |
| 33 | ഭാരത് ഡ്രഗ് ലൈൻസ്,തിരൂർ |
| 34 | കേന്ദ്രീയ മഹാ വിദ്യാലയം,തിരൂർ |
| 35 | ടാലന്റ് പി.എസ്.സി.കോച്ചിംഗ് സെന്റർ,തിരൂർ |
| 36 | ലൈഫ് കെയർ ഹോമിയോപതി ക്ലിനിക്,തിരൂർ |
| 37 | തിരൂർ ഡന്റൽ ക്ലിനിക്,തിരൂർ |
| 38 | ക്രസന്റ് പ്രമോട്ടേഴ്സ് അഡ്വടൈസിംങ് കമ്പനി,തിരൂർ |
| 39 | ഇറുവായിൽ ടെക്സ്റ്റയിൽസ്,തിരൂർ |
| 40 | സിംബൽസ് അഡ്വടൈസിംങ്,തിരൂർ |

| | |
|---|---|
| 41 | പടിയത്ത് ജല്ലറി,തിരൂർ |
| 42 | പേൾ ജല്ലറി,തിരൂർ |
| 43 | സൽമ ജല്ലറി,തിരൂർ |
| 44 | പ്രൻസ് ജല്ലറി,തിരൂർ |
| 45 | ന്യൂ ചെമ്പ്ര ജല്ലറി,തിരൂർ |
| 46 | രത്ന ജല്ലറി,തിരൂർ |
| 47 | നോബിൾ ജല്ലറി,തിരൂർ |
| 48 | ചെമ്പ്ര ജല്ലറി,തിരൂർ |
| 49 | ഷെമിൻ ജല്ലറി,തിരൂർ |
| 50 | രാജധാനി ജല്ലറി,തിരൂർ |
| 51 | റോയൽ ജല്ലറി,തിരൂർ |
| 52 | ക്രിസ്റ്റൽ ജല്ലറി,തിരൂർ |
| 53 | മാളൂസ് ജല്ലറി,തിരൂർ |
| 54 | അതില്യ ടെക്സ്റ്റയിൽസ് ,തിരൂർ |
| 55 | റെയ്യാൻ ഗോൾഡ്,തിരൂർ |
| 56 | ഹൈനസ് ജല്ലറി,തിരൂർ |
| 57 | ഷോമെൻ റെഡിമെയ്ഡ്,തിരൂർ |
| 58 | പ്ലാനറ്റ് ഫാഷൻ,തിരൂർ |
| 59 | ഹയാത്ത് ഗോൾഡ്,തിരൂർ |
| 60 | റോയൽ ജ്വല്ലറി,തിരൂർ |
| 61 | നൂർ ജ്വല്ലറി,തിരൂർ |
| 62 | മലബാർ ഡന്റൽ ക്ലിനിക്,തിരൂർ |
| 63 | എമിറേറ്റ്സ് ഗോൾഡ്,തിരൂർ |
| 64 | സോഡിയാക് ബാർ,തിരൂർ |
| 65 | ദീപ ബാർ &റെസ്റ്റോറന്റ്,തിരൂർ |
| 66 | ഷാഹിദ ജ്വല്ലറി |
| 67 | പി.ആർ ജല്ലറി,തിരൂർ |
| 68 | സിൽക്കിമാൾ വെഡ്ഡിംഗ് സെന്റർ,തിരൂർ |
| 69 | അഭയ ക്ലിനിക്,തിരൂർ |
| 70 | ഡന്റൽ ഹോം ഡെന്റൽ ക്ലിനിക് തിരൂർ,ഡോ.ഡെന്നിസ് പോൾ |
| 71 | ഡോ.ചിത്ര മുരളീധരൻ ഡന്റൽ ക്ലിനിക്, തിരൂർ |
| 72 | ഐ.പി.എ. അക്കൗണ്ടന്റ് ട്രൈനിംങ് ഇൻസ്റ്റിറ്റ്യൂട്ട്,തിരൂർ |

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 249 പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്.

മേൽ സ്ഥാപന തൊഴിലുടമകളോട് ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് 15.12.2018ന് നൽകിയ ഓഡിറ്റ് എൻക്വയറി 24/2017-18 ന് മറുപടി നൽകുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

<u>d)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-₹ 57,250 നഷ്ടം</u>

2017-18 വർഷത്തെ തൊഴിൽ നികുതിഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ.നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷങ്ങൾ | തുക |
|---|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, പയ്യനങ്ങാടി | I,II | 2500 |
| 2 | നിർമ്മിതി എഞ്ചിനിയേഴ്സ് &കൺസൾട്ടന്റ് തിരൂർ | I,II | 2500 |
| 3 | മഹാത്മ കോളേജ് തിരൂർ | I,II | 2500 |
| 4 | പഞ്ചാബ് നാഷണൽ ബാങ്ക്,തിരൂർ | I,II | 2500 |
| 5 | Adecco ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | I,II | 2500 |
| 6 | കാത്തലിക് സിറിയൻ ബാങ്ക്,തിരൂർ | II | 1250 |
| 7 | യു.എ.ഇ. എക്സ്ചേഞ്ച്,തിരൂർ | II | 1250 |
| 8 | ആന്ധ്രാ ബാങ്ക് , തിരൂർ | I,II | 2500 |
| 9 | ഐ,സി.ഐ.സി.ഐ.ബാങ്ക്,തിരൂർ | I,II | 2500 |
| 10 | യൂക്കോ ബാങ്ക്, തിരൂർ | II | 1250 |
| 11 | സൗത്ത് ഇന്ത്യൻ ബാങ്ക്,തിരൂർ | I | 1250 |
| 12 | എച്ച്.ഡി.എഫ്.സി. ബാങ്ക്,തിരൂർ | I,II | 2500 |
| 13 | കൊട്ടക് മഹീന്ദ്ര ബാങ്ക്,തിരൂർ | II | 1250 |
| 14 | ബാങ്ക് ഓഫ് ഇന്ത്യ,തിരൂർ | II | 1250 |
| 15 | ഫെഡറൽ ബാങ്ക്,തിരൂർ | II | 1250 |
| 16 | എസ്.ബി.ഐ. പി.എസ്.ബി. പൂങ്ങോട്ടുകുളം | I,II | 2500 |
| 17 | ബാങ്ക് ഓഫ് ബറോഡ,തിരൂർ | II | 1250 |
| 18 | മുത്തൂറ്റ് ക്യാപിറ്റൽ സർവ്വീസ്,തിരൂർ | I,II | 2500 |
| 19 | ഷെയർ വെൽത്ത് ഹെൽത്ത് മാനേജ്മെന്റ് | I,II | 2000 |
| 20 | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വൂറൻസ് കമ്പനി,തിരൂർ | II | 1250 |
| 21 | എം.ഡി.സി.ബാങ്ക്,തിരൂർ | I | 1250 |
| 22 | മണപ്പുറം ഫിനാൻസ്,തിരൂർ | II | 1250 |
| 23 | ശ്രീ.ഗോകുലം ചിറ്റ്സ്,തിരൂർ | II | 1250 |
| 24 | മുത്തൂറ്റ് ഫോറക്സ്,തിരൂർ | I,II | 2500 |
| 25 | ശ്രീ.ഗോകുലം ചിറ്റ്സ് &ഫിനാൻസ്,തിരൂർ | I,II | 2500 |
| 26 | എൻ.ടി.സി. നിധി ലിമിറ്റഡ്.തിരൂർ | II | 750 |
| 27 | ന്യൂ ഇന്ത്യ ഇൻഷ്വൂറൻസ് കമ്പനി,തിരൂർ | I,II | 2500 |
| 28 | എച്ച്.ഡി.എഫ്.സി. ബാങ്ക് കാർ ലോൺസ്,തിരൂർ | I,II | 2500 |
| 29 | ത്രിപുര ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്.തിരൂർ | II | 1250 |
| 30 | എലൈറ്റ് കോളേജ്,തിരൂർ | II | 750 |
| 31 | ഐ,സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷ്വൂറൻസ് കമ്പനി,തിരൂർ | I | 1250 |
| 32 | ഇൻഡസ് ഇൻഡസ് മാർക്കറ്റിംഗ് ഫിനാൻഷ്യൽ സർവ്വീസ് , തിരൂർ | I | 1250 |
| | ആകെ | | 57,250 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് 15.12.2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി 25/2017-18 ന് മറുപടി നൽകുകയോ

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

സ്ഥാപന തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന ₹ 57,250 ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

e) സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. നികുതിയിനത്തിൽ ₹29050 കുറവ്

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3(2)ൽ ക്രമ നമ്പർ (1) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദർ, മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ക്രമ.നമ്പർ (10) പ്രകാരം കരാറുകാർഎന്നിവരിൽ നിന്നും ഒരു അർദ്ധ വർഷത്തേക്ക് 1250/- രൂപ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1) 2017-18തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന അഭിഭാഷകരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ.നം. | അഭിഭാഷകന്റെ പേര് | ഈടാക്കിയ നികുതി ഒന്നാം അർദ്ധ വർഷം | ഈടാക്കിയ നികുതി രണ്ടാം അർദ്ധ വർഷം | നികുതിയിനത്തിലെ കുറവ് |
|---|---|---|---|---|
| 1 | ശ്രീ.രാമ മോഹൻ.കെ | 300 | --- | 2200 |
| 2 | ശ്രീ.എം.കെ.ജയശങ്കർ | 450 | 450 | 1600 |
| 3 | ശ്രീ.പി.സി.സബൈർ | 300 | 300 | 1900 |
| 4 | ശ്രീമതി.എൻ.വി.സിന്ദു | -- | -- | 2500 |
| 5 | ശ്രീ.കെ.എ.പത്മകുമാർ | -- | -- | 2500 |
| 6 | ശ്രീ.കെ.എ.കൃഷ്ണകുമാർ | -- | -- | 2500 |
| 7 | ശ്രീ.എം.ജി.വേണുഗോപാൽ | 750 | -- | 1750 |
| 8 | ശ്രീ.കെ.എ.സമദ് | -- | -- | 2500 |
| 9 | ശ്രീ.വിക്രം കുമാർ | 450 | 450 | 1600 |
| 10 | ശ്രീ.ദിനേശ് പൂക്കയിൽ | -- | -- | 2500 |
| 11 | ശ്രീ.വി.ചന്ദ്രശേഖരൻ | -- | -- | 2500 |
| 12 | ശ്രീമതി.കെ.പി.മറിയുമ്മ | -- | -- | 2500 |
| 13 | ശ്രീ.ഭവേഷ് | -- | -- | 2500 |
| | ആകെ | | | 29050 |

ഇതു സംബന്ധിച്ച് 15.12.2018ന് നൽകിയ ഓഡിറ്റ് എൻക്വയറി 26-ന് മറുപടി നൽകിയിട്ടില്ല. നികുതിയിനത്തിൽ കുറവ് വന്ന ₹ 29050 ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, നഗരസഭയുടെ മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്യുന്ന ഒരു കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. എഞ്ചിനിയറിംഗ് സെക്ഷനിൽ നിന്നും ഹാജരാക്കിയ കരാറുകരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | അബ്ദുൽ ഷുക്കൂർ |
| 2 | അരവിന്ദാക്ഷൻ. ടി. |
| 3 | അർജ്ജുനൻ. എം. |
| 4 | ബാലകൃഷ്ണൻ. ടി. |
| 5 | ദുൽഫിക്കർ. കെ.വി. |
| 6 | ഇബ്രാഹിംകുട്ടി. എം. |
| 7 | ഇബ്രാഹിം പുതുത്തോട്ടിൽ |
| 8 | ഇസ്മായിൽ. പി. |
| 9 | ജയരാജൻ. എ |
| 10 | കിഷോർ കുമാർ. എം. |

| | |
|---|---|
| 11 | കൃഷ്ണൻകുട്ടി. എൻ. |
| 12 | കൃഷ്ണൻകുട്ടി. ടി. |
| 13 | കുഞ്ഞമ്മദ് കുട്ടി. ടി.കെ. |
| 14 | കുഞ്ഞീൻ ഹാജി |
| 15 | മുഹമ്മദ് ആസിഫ്. എം. |
| 16 | മുഹമ്മദ് സലീം. ടി.പി. |
| 17 | മോഹൻദാസ്. പി. |
| 18 | മൊയ്തീൻ ഹാജി. |
| 19 | മൊയ്തീൻ കുട്ടി. ടി. കെ.(കുട്ട്യാക്ക) |
| 20 | മുകുന്ദൻ. പി. |
| 21 | മുരളീ മോഹനൻ. പി.വി. |
| 22 | മുസ്തഫ. കെ. |
| 23 | നാരായണൻ. പി. |
| 24 | പരമേശ്വരൻ. |
| 25 | പ്രദീപ് കുമാർ. കെ. |
| 26 | പ്രതാപ്കുമാർ. ടി. പി. |
| 27 | പുരുഷോത്തമൻ. |
| 28 | രഘുരാജ് |
| 29 | സജീഷ്. ടി.വി. |
| 30 | ഷാഹിർ. പി. വി. |
| 31 | ഷാഹുൽ ഹമീദ് |
| 32 | ഷൈലേഷ്. കെ. |
| 33 | സിദ്ദിഖ്. കെ. |
| 34 | വാസു. വി.പി. |
| 35 | യൂസഫ്. പി. |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനും ഡിമാന്റ് ചെയ്തിട്ടില്ലെങ്കിൽ ആയതിനു വിശദീകരണം ആവശ്യപ്പെട്ടും 15.12.2018ന് നൽകിയ ഓഡിറ്റ് എൻക്വയറി 26-ന് മറുപടി നൽകുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ കരാറുകാരിൽ നിന്നും നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി പരിഷ്കരണനടപടികൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതാണ്.

02.12.2013 ലെ ജി.ഒ. (എം.എസ്)നം.371/2013/ത.സ്വ.ഭ.വ. - ഉത്തരവ് പ്രകാരം 2011 - ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങൾ പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർ) 01.04.2013 മുതലും ബാധകമാകുന്നതാണ്. റവന്യൂവിഭാഗത്തിലെ ജീവനക്കാരുടെ കുറവും നിലവിലുള്ള ജോലിക്കാരുടെ ജോലിഭാരവുമാണ് വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാത്തതിന്റെ കാരണമായി നഗരസഭ വിശദീകരിച്ചിരുന്നത്. 12.07.2017 ലെ സ. ഉ. (സാധാ.) നം. 2371/2017/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണവും വസ്തുനികുതി ഓൺലൈൻ മുഖേന സ്വീകരിക്കുന്നതും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 3 ഡേറ്റ എൻട്രി ജീവനക്കാരെ താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. തിരൂർ നഗരസഭയിലെ നിലവിലുള്ള 38 നഗരസഭ വാർഡുകളുടെയും ബേസ് ഡേറ്റ എൻട്രി സഞ്ചയ സോഫ്റ്റ് വെയറിൽ പൂർത്തീകരിച്ചിട്ടുള്ളതും പ്രസ്തുത ബേസ്ഡേറ്റയുടെ 75%ഓളം ഫോറം 6 എൻട്രി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഫോറം 6 എൻട്രി എത്രയും പെട്ടെന്ന് പൂർത്തീകരിച്ചതിന് ശേഷം കളക്ഷൻ പോസ്റ്റിംഗ് നടത്തി സഞ്ചയ സോഫ്റ്റ് വെയർ ഓൺലൈൻ ആക്കി നികുതി ഓൺലൈനായി വസൂലാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുമെന്നുമാണ് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരാമർശത്തിനു മറുപടിയായി അറിയിച്ചിരുന്നത്.

വസ്തുനികുതി പരിഷ്കരണത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച് നൽകിയ 01.01.2019ലെ ഓഡിറ്റ് എൻക്വയറി നം. 39/2017-18ന് മറുപടിയായി താഴെപ്പറയുന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

1. വസ്തുനികുതി പരിഷ്കരണം 90% പൂർത്തിയായിട്ടുണ്ട്. ആകെ 38 വാർഡുകൾ ഉള്ളതിൽ 7 വാർഡുകളുടെ ഫോം 6 വിവരങ്ങളുടെ എൻട്രി പൂർത്തീകകരിച്ചിട്ടുണ്ട്. ഈ വാർഡുകളിലെ കെട്ടിടങ്ങളുടെ ഡിമാന്റ് നോട്ടിസ് ബന്ധപ്പെട്ട

കക്ഷികൾക്ക് നൽകിയിട്ടുണ്ട്. ആയത് പ്രകാരം പുതുക്കിയ വസ്തുനികുതി ഓൺലൈൻ മുഖേന സ്വീകരിച്ചു വരുന്നു.

2. 38 വാർഡുകളുടെയും ബേസ് ഡേറ്റ എൻട്രി 95%വും പൂർത്തീകരിച്ചു. ഇതിൽ വിട്ടുപോയതായി കണ്ട ഏകദേശം 3000 ഓളം കെട്ടിടങ്ങളുടെ ഡേറ്റ ഫോറം 6 വഴി വിവരങ്ങൾ ശേഖരിക്കാൻ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഇത് പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളാണെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അടിയന്തരമായി എടുക്കുന്നതിനും ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.
വസ്തുനികുതി പരിഷ്കരണത്തിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനായി 3 ഡേറ്റ എൻട്രി ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിട്ടും പരിഷ്കരണനടപടികളിൽ ആനുപാതികമായ പുരോഗതി കൈവരിക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 വാടകക്കാരിൽ നിന്നും വാടക ഈടാക്കിയില്ല- 20,19,779/-രൂപ കുടിശ്ശിക

നഗരസഭയുടെ അധീനതയിലുള്ള കെട്ടിട മുറികൾ വാടകക്ക് നൽകിയ വാടകക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ 20,19,779/-രൂപ കുടിശ്ശികയുള്ളതായി വാടക രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | തുക | വാടക രജിസ്റ്റർ പേജ് നം. |
|---|---|---|---|---|
| 1 | AG-01 | ഐ.പി. കുഞ്ഞിമുഹമ്മദ് | 2,654 | നമ്പർ. 1 |
| 2 | AG-02 | അലിഹാജി | 2,653 | |
| 3 | AG-04 | അബ്ദുൽ ഹമീദ് | 2,406 | |
| 4 | AG-06 | തുടിശ്ശേരി ഹംസ | 12,030 | |
| 5 | AG-14 | കെ.എൻ. ഉമ്മർ | 15,804 | 3 |
| 6 | AG-18 | വി.പി. ഇന്ദിരാദേവി | 15,804 | |
| 7 | AG-25 | പി.വി. അബ്ദുള്ളക്കുട്ടി | 1,392 | 5 |
| 8 | AG-28 | കെ.എൻ. മുഹമ്മദ് ശരീഫ് | 1,392 | |
| 9 | AG-29 | ഒ. പി. ബഷീർ | 1,392 | |
| 10 | AG-33 | കെ.കെ. സുലൈഖ. | 2,985 | 6 |
| 11 | AG-34 | പി.ടി.കുഞ്ഞിക്കമ്മു | 1,392 | |
| 12 | AG-36 | കെ.പി. മമ്മദ് | 2,210 | |
| 13 | AG-50 | കിഴക്കമ്പാട് ആസ്യ | 1,392 | 7 |
| 14 | AG-51 | കിഴക്കമ്പാട് ആസ്യ | 1,392 | |
| 15 | AG-54 | കടവത്ത് ഹംസു മോൻ | 5,940 | 8 |
| 16 | B-02 | കെ.ടി. ഹംസ | 2,644 | 11 |
| 17 | B-03 | കെ. മുത്തു രാമൻ | 2,644 | |
| 18 | B-04 | എം. മാരി സെൽവൻ | 5,990 | |
| 19 | C-06 | കടവത്ത് ഹംസ | 4,011 | 15 |
| 20 | C-07 | കടവത്ത് ഹംസ | 3,182 | |
| 21 | AF-01 | എം. ബാപ്പുട്ടി | 18,216 | 17 |
| 22 | AF-02 | കെ. അബ്ദുസ്സലാം | 6,126 | |
| 23 | AF-04 | ടി. പത്മനാഭൻ | 7,648 | |
| 24 | AF-05 | ഗോവിന്ദൻകുട്ടി. വി. | 5,000 | |
| 25 | AF-06 | കടവത്ത് ഹംസു മോൻ | 1,408 | |
| 26 | AF-07 | സി.എം. മൊയ്തീൻകുട്ടി | 6,065 | 18 |
| 27 | AF-11 | സെക്രട്ടറി, സി.പി.ഐ. തിരൂർ ഏരിയ | 7,164 | |

| | | | | |
|---|---|---|---|---|
| 28 | AF-14 | പുതുശ്ശേരി പ്രഭാകരൻ | 4,852 | 19 |
| 29 | AF-15 | ജനറൽ സെക്രട്ടറി, മത്സ്യതൊഴിലാളി യൂണിയൻ | 5,433 | |
| 30 | AF-16 | ജനറൽ സെക്രട്ടറി, വെജിറ്റബിൾ & ഫ്രൂട്സ് | 9,416 | 19 |
| 31 | AF-18 | പ്രസിഡണ്ട്, സുന്നി മഹല്ല് ഫെഡറേഷൻ | 6,416 | |
| 32 | AF-19 | പാറപ്പുറത്ത് സൈതലവി | 3,061 | |
| 33 | AF-22 | പി. രാധാകൃഷ്ണൻ | 14,560 | 20 |
| 34 | AF-23 | ഇ.സി. മുഹമ്മദ് എന്ന ബാവ | 4,890 | |
| 35 | AF-27 | ഒ.പി. ബഷീർ | 3,059 | 21 |
| 36 | AF-29 | പി. അലവിക്കുട്ടി | 1,786 | |
| 37 | AF-01A | ഐ.പി. സമീർ | 1,213 | |
| 38 | M-03 | കാക്കടവത്ത് റംല | 2,858 | 22 |
| 39 | F-03 | എം. ഏന്തീൻകുട്ടി | 4,874 | 24 |
| 40 | F-04 | പാറപ്പുറത്ത് ഇല്ലത്ത് അബൂബക്കർ | 2,858 | |
| 41 | F-09 | പാറപ്പുറത്ത് ഇല്ലത്ത് പറമ്പിൽ ഉമ്മൻ | 2,858 | 25 |
| 42 | GF-09 | കള്ളിശ്ശേരി ഉത്തമൻ ഉല്ലാസ് | 3,890 | 27 |
| 43 | GF-15 | സി.എം. അബ്ദുൽ അസീസ് | 9,624 | 28 |
| 44 | GF-21 | എ. ജിമോഷ് | 3,242 | 29 |
| 45 | GF-22 | മാനേജർ കയർ ഫെഡ് | 37,350 | |
| 46 | FF-01 | ഇ. അബ്ദുസ്സലാം | 15,335 | 31 |
| 47 | FF-02, FF-03 | ഇ. അബ്ദുസ്സലാം | 6,163 | |
| 48 | FF-06 | രാജേഷ് കോരോത്ത് | 1,775 | |
| 49 | FF-10 | ബൈജു. സി.പി. | 41,484 | 32 |
| 50 | FF-12 | മാനേജിംഗ് ഡയറക്ടർ, അംബേദ്കർ കൾച്ചറൽ ചാരിറ്റബിൾ മിഷൻ. | 8,340 | |
| 51 | FF-15 | വാലിൽ ഗംഗാധരൻ | 7,428 | 33 |
| 52 | FF-16 | അസിസ്റ്റന്റ് ലേബർ ഓഫീസർ | 7,714 | |
| 53 | FF-23 | എം. അബ്ദുൽ ഗഫൂർ | 1,213 | 34 |
| 54 | FF-24 | ഇ. അബ്ദുസ്സലാം | 7,100 | |
| 55 | FF-27 | പി. മുഹമ്മദ് കബീർ | 9,704 | 35 |
| 56 | 7/313 C | എം. സെയ്തലവി | 9,577 | 36 |
| 57 | 7/313 I | എൻ.പി. മുഹമ്മദ്കുട്ടി ഹാജി | 10,380 | 37 |
| 58 | 7/313 L | പുന്നശ്ശേരി രായിൻകുട്ടി | 10,380 | 38 |
| 59 | 7/313 N | ടി.പി. അബ്ദുള്ളക്കുട്ടി & ഫൈസൽ | 11,418 | |

| | | | | |
|---|---|---|---|---|
| 60 | 7/313 Q | മാനേജർ, പി.എൻ. ബി. തിരൂർ | 18,185 | 39 |
| 61 | 7/313 T | എം. മുസ്തഫ | 19,556 | |
| 62 | 7/313 F3 | റഫീഖ് വളപ്പിൽ | 31,024 | 40 |
| 63 | 7/313 F6 | കെ.എൻ. സമദ്, കെ. വിശ്വനാഥൻ | 37,064 | |
| 64 | 7/313 F7 | പൂളക്കൽ ബീവി & അസൈനാർ | 13,899 | |
| 65 | 7/313 F8 | എൻ. കെ. ഫാത്തിമ | 54,456 | 41 |
| 66 | 7/313 F9 | എൻ. കെ. ഫാത്തിമ | 54,948 | |
| 67 | 7/313 F12 | വലിയ വളപ്പിൽ ഹനീഫ | 50,369 | 42 |
| 68 | 7/313 F13 | അഭിലാഷ്, S/o ചാത്തുണ്ണി | 54,948 | |
| 69 | 7/313 F20 | എൻ. കെ. ഷംസുദ്ദീൻ | 17,984 | 43 |
| 70 | 7/313 F22 | സി.സി. അബ്ദുൽ ഹക്കീം. | 23,065 | 44 |
| 71 | 7/313 F24 | എ. കെ. അഷ്റഫ് | 27,360 | |
| 72 | 7/313 F26 | ഡോ. സി.ജയപ്രകാശ് | 15,999 | 45 |
| 73 | 7/313 F27 | ഡോ. സി. ജ.യപ്രകാശ് | 13,947 | |
| 74 | 7/313 F28 | കെ.കെ. ജംഷീർ | 46,110 | |
| 75 | GF-01 | ഒ. അബ്ദുല്ലക്കുട്ടി | 8,415 | 46 |
| 76 | GF-03 | കുന്നത്തകത്ത് അബ്ദു റഹിമാൻ | 22,930 | |
| 77 | GF-04 | പി. കുഞ്ഞാലൻകുട്ടി | 35,104 | |
| 78 | GF-05 | പി. കുഞ്ഞാലൻകുട്ടി | 30,256 | |
| 79 | F.F-1 | ഒ. എ. അബ്ദുള്ളക്കുട്ടി | 2,451 | 48 |
| 80 | F.F-2 | കെ. പി. മറിയുമ്മ | 17,410 | |
| 81 | F.F-3 | മമ്മാളിൽ രഘുനാഥ് | 9,195 | |
| 82 | F.F-05 | എ. കെ. വഹീദ | 4,326 | |
| 83 | F.F-06 | കെ. അബ്ദുൽ റഷീദ് | 1,671 | 49 |
| 84 | SF 01, SF 02 | കെ.കെ. ബാവ | 25,878 | |
| 85 | T.F-01 | സെക്രട്ടറി, ഉപഭോക്തൃ സംരക്ഷണ സമിതി | 14,556 | |
| 86 | T.F-02 | അബ്ദുൽ റഹീം മേച്ചേരി | 9,704 | 50 |
| 87 | T.F-03 | ഹസ്സൻ ചക്കങ്ങൽ | 9,685 | |
| 88 | T.F-04 | സെക്രട്ടറി, വ്യാപാരി വ്യവസായ സമിതി | 2,744 | |
| 89 | T.F-05 | അയ്യപ്പൻ. ടി. | 6,065 | |
| 90 | GF-01 | കെ. കുഞ്ഞീരുട്ടി | 4,647 | 51 |
| 91 | GF-02 | കൊല്ലത്തേടത്ത് ഗിരീഷ് | 5,860 | |
| 92 | GF-04 | ഇ. അബ്ദുൽ ജലീൽ | 3,487 | |

| | | | | |
|---|---|---|---|---|
| 93 | GF-10, GF-11 | കാവീട്ടിൽ കുമാരൻ | 19,911 | 52 |
| 94 | FF-01 | അനിത. സി. | 19,926 | 53 |
| 95 | FF-02 | സിന്ധുമോൾ. സി. | 13,518 | |
| 96 | FF-04 | അബ്ദുൽ കബീർ. പി.പി. | 1,380 | |
| 97 | SF-01 | വി.പി. മുസ്തഫ | 7,278 | 54 |
| 98 | SF-02 | കൊല്ലത്തേടത്ത് ഗിരീഷ് | 18,270 | |
| 99 | SF-03 | സെക്രട്ടറി, കേരള എൻ.ജി.ഒ. യൂണിയൻ | 8,520 | 54 |
| 100 | SF-04 | താലൂക്ക് വ്യവസായ ഓഫീസർ | 17,052 | |
| 101 | SF-05 | ഹമീദ് വരിക്കോടത്ത് | 4,852 | |
| 102 | SF-06 | കിഴക്കാം കുന്നത്ത് നിസാർ. | 17,784 | |
| 103 | ATC-02 | കീഴപ്പാട്ട് ഫക്രുദ്ദീൻ | 4,313 | 55 |
| 104 | ATC-03 | ആർ. വേലുസ്വാമി | 28,588 | |
| 105 | ATC-05 | മിനി A/S നസീമ സിദ്ദിഖ് | 53,904 | |
| 106 | ATC-06 | സുരേഷ്. എം. | 58,908 | 56 |
| 107 | സ്റ്റാൾ-07 | പിഷാരത്ത് സഫീസു | 1,684 | 57 |
| 108 | സ്റ്റാൾ-08 | കള്ളിക്കൽ മമ്മി | 5,052 | |
| 109 | ബങ്ക്-08 | ചോങ്ങാട്ടിൽ മൊയ്തീൻകുട്ടി | 11,144 | 59 |
| 110 | ബങ്ക്-10 | ഇ. അബ്ദു റഹിമാൻ | 1,562 | |
| 111 | ബങ്ക്-11 | കുഞ്ഞിമുഹമ്മദ് | 1,592 | 60 |
| 112 | ബങ്ക്-12 | സി. ബീരാൻകുട്ടി | 19,104 | |
| 113 | ബങ്ക്-13 | സി. മൊയ്തീൻകുട്ടി | 2,784 | |
| 114 | ബങ്ക്-14 | എ. ദാമോദരൻ | 1,592 | |
| 115 | ബങ്ക്-16 | പി.പി. ഹംസ | 1,592 | 61 |
| 116 | ബങ്ക്-19 | ടി. മുഹമ്മദ് | 1,592 | |
| 117 | ബങ്ക്-H1 | കുഞ്ഞീമ. ടി. കെ. | 16,704 | 62 |
| 118 | ബങ്ക്-H2 | വി.വി. ബീന | 1,592 | |
| 119 | ബങ്ക്-SE1 | കപ്പൽ പടിക്കൽ ഗോവിന്ദൻ | 1,592 | |
| 120 | ബങ്ക്-SE2 | കെ. സൈനുദ്ദീൻ | 1,592 | |
| 121 | ടാക്സി സ്റ്റാന്റ് മുറി | മുഹമ്മദ് ബാവ. സി. | 76,912 | 63 |
| 122 | ടേബിൾ നം.2 | അക്ബർ പാഷ | 3,000 | 65 |
| 123 | ടേബിൾ നം.3 | ഒ.പി. അബ്ദുൽ ഖാദർ | 3,000 | |
| 124 | ടേബിൾ നം.4 | മജീദ്, S/o വീരാട്ടു | 3,000 | |
| 125 | ടേബിൾ നം.5 | മുഹമ്മദ് മുസ്തഫ | 12,000 | |
| 126 | ടേബിൾ നം.6 | ഷൗക്കത്തലി | 36,000 | |

| | | | | |
|---|---|---|---|---|
| 127 | ടേബിൾ നം.7 | അർഷാദ് കാവുംപുറത്ത് | 30,000 | 66 |
| 128 | ടേബിൾ നം.8 | സുബൈർ ആളത്തിൽ പറമ്പിൽ | 12,000 | |
| 129 | ടേബിൾ നം.9 | സമീർ പരുത്തിക്കുന്നൻ | 3,000 | |
| 130 | ടേബിൾ നം.11 | സി.പി. മുഹമ്മദ് | 30,000 | |
| 13 | ടേബിൾ നം.12 | അമീർ S/o കുഞ്ഞബു | 27,000 | |
| 132 | ടേബിൾ നം.15 | താഴത്തേതിൽ അബ്ദുൽ ഹമീദ് | 15,000 | 67 |
| 133 | ടേബിൾ നം.16 | യാഹു കോണാട് | 9,000 | |
| 134 | ടേബിൾ നം.17 | ഹസ്സൻകോയ | 12,000 | 68 |
| 135 | ടേബിൾ നം.18 | കാട്ടത്ത് മുഹമ്മദ് | 12,000 | |
| 136 | ടേബിൾ നം.22 | പി. കെ. അഷ് റഫ് | 9,000 | |
| 137 | ടേബിൾ നം.24 | കെ. കെ. അഷ്റഫ് (മാനു) | 9,000 | |
| 138 | ടേബിൾ നം.25 | അബ്ദുൽ മജീദ് അരങ്ങത്തിൽ | 12,000 | 69 |
| 139 | ടേബിൾ നം.26 | ഫൈസൽ അരിങ്ങത്തിൽ | 15,000 | |
| 140 | ടേബിൾ നം.27 | അമീർ അലി | 15,000 | |
| 141 | ടേബിൾ നം.28 | പി. കെ. അബ്ദുൽ അസീസ് | 9,000 | |
| 142 | ടേബിൾ നം.29 | അബ്ദുൽ കരീം ചെങ്ങണക്കാട്ടിൽ | 18,000 | |
| 143 | ടേബിൾ നം.30 | ഷറഫുദ്ദീൻ (കുഞ്ഞാവ) | 21,000 | |
| 144 | ടേബിൾ നം.31 | കാട്ടത്ത് അലി | 15,000 | 70 |
| 145 | ടേബിൾ നം.32 | അയൂബ്. കെ. | 12,000 | |
| 146 | ടേബിൾ നം.33 | കാട്ടത്ത് അബ്ദുൽ അസീസ് | 27,000 | |
| 147 | ടേബിൾ നം.34 | കാട്ടത്ത് ഹംസ | 27,000 | |
| 148 | ടേബിൾ നം.35 | ബാവ മങ്ങാട്ടിൽ | 27,000 | |
| 149 | ടേബിൾ നം.36 | കുഞ്ഞിമൊയ്തീൻ മങ്ങാട്ടിൽ | 27,000 | 71 |
| 150 | ടേബിൾ നം.37 | അനീസ് ബാബു- പരുത്തിക്കുന്നൻ | 9,000 | |
| 151 | ടേബിൾ നം.38 | മുഹമ്മദ് റാഷിദ് പരുത്തിക്കുന്നൻ | 9,000 | |
| 152 | ടേബിൾ നം.39 | പി.പി. മാമൻ പള്ളിപറമ്പിൽ | 21,000 | |

| | | | | |
|---|---|---|---|---|
| 153 | ടേബിൾ നം.40 | പി.പി. വേലായുധൻ | 6,000 | 72 |
| | | ആകെ | 20,19,779 | |

ഇത് സംബന്ധിച്ച് 11-12-2018 ലെ 20/2017-18 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ വാടകക്കാരിൽ നിന്നും പിഴപ്പലിശ സഹിതം വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

## 2-4 നഗരസഭ പഴയ ബസ്സ്റ്റാന്റ് കെട്ടിടത്തിലെ കോണിമുറി കൈമാറ്റം ഡെപ്പോസിറ്റ് ഈടാക്കിയത് - വിശദാംശങ്ങൾ അറിയിച്ചില്ല.

നഗരസഭ പഴയ ബസ്സ്റ്റാന്റ് കെട്ടിടത്തിലെ കോണിമുറിയിൽ എസ്. റ്റി. ഡി ബൂത്ത് നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുള്ള ശ്രീമതി. ഖദീജ. സി. എന്നവരുടെ അനാരോഗ്യം കാരണം ടി മുറിയുടെ ലൈസൻസ് ടിയാരിയുടെ സഹോദരപുത്രന്റെ പേരിലേക്ക് മാറ്റുന്നതിനായി 15-03-2018 ന് സമർപ്പിച്ച അപേക്ഷയിൽ, 28-04-2018 ലെ കൗൺസിൽ 17-ാം നമ്പർ തീരുമാന പ്രകാരം വിഷയം സംബന്ധിച്ച് റവന്യൂ ഓഫീസറുടെ വിശദമായ റിപ്പോർട്ട് തേടുവാനും മുറിയുടെ ഡെപ്പോസിറ്റ് 50,000/- രൂപയാക്കാനും തീരുമാനമുണ്ടായി. ആർ.4-12/18 നമ്പർ ഫയൽ പരിശോധിച്ചതിൽ ഈ തീരുമാനവുമായി ബന്ധപ്പെട്ട നടപടികളൊന്നും ഫയലിൽ കാണുന്നില്ല. ആയതിനാൽ ലൈസൻസ് ഉടമസ്ഥാവകാശം മാറ്റിയത് സംബന്ധിച്ചോ മാറ്റിയിട്ടുണ്ടെങ്കിൽ ആവശ്യമായ ഡെപ്പോസിറ്റ് ഈടാക്കിയാണോ മാറ്റി നൽകിയത് എന്നത് സംബന്ധിച്ചോ വ്യക്തതയില്ല. നഗരസഭ ബൈലോ പ്രകാരം അടുത്ത ബന്ധുക്കൾക്ക് ആവശ്യമായ ഡെപ്പോസിറ്റ് വർദ്ധനവ് വരുത്തി മാത്രമേ ലൈസൻസാവകാശം മാറ്റി നൽകാവൂ. ഇത് സംബന്ധിച്ച് 21-12-2018ലെ 30/17-18 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-5 അഭയം ഡയാലിസിസ് സൊസൈറ്റിയുടെ പരിപാടിക്ക് വിനോദനികുതി ഒഴിവാക്കി നൽകിയത് - സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല

വാണിയന്നൂർ അഭയം ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 28.07.2017ന് ബിയാൻകോ കാസിൽ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ കലാപരിപാടിയെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് സൊസൈറ്റിയുടെ സെക്രട്ടറി അപേക്ഷ നൽകിയിരുന്നു. ഈ അപേക്ഷ ഭരണസമിതിയുടെ പരിഗണനക്ക് വിടുകയും 20.06.2017ൽ ചേർന്ന ഭരണസമിതി യോഗം 18ആം നമ്പരായി സർക്കാർ അനുമതി ലഭ്യമാകുന്നതിന്റെയടിസ്ഥാനത്തിൽ വിനോദനികുതിയിൽ നിന്ന് ഒഴിവ് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ഈ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് നഗരസഭ അയച്ചിട്ടുള്ള ആർ.3 9359/17 നമ്പർ കത്ത് പ്രകാരം വിഷയം സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ, സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണെന്ന് 01.01.2019ലെ ഓഡിറ്റ് എൻക്വയറി നം. 38/2017-18 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 പരസ്യനികുതിയിനത്തിലെ കുടിശിക അടിയന്തരമായി പിരിച്ചെടുക്കേണ്ടതാണ്.

2017-18 വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ ബി-15) പരസ്യനികുതി ഇനത്തിൽ 16,396 രൂപ കുടിശികയായി രേഖപ്പെടുത്തിയിട്ടുണ്ട്. 2017 ജൂലൈ 1 മുതൽ ചരക്കുസേവനനികുതി നടപ്പിൽ വന്നതോടെ പരസ്യനികുതി ഇനത്തിലുള്ള തുക ചരക്കുസേവനനികുതിയുടെ പരിധിയിൽ വരുന്നതാണ്. ഈ സാഹചര്യത്തിൽ പരസ്യനികുതി ഇനത്തിൽ കുടിശികയായി തുക അവശേഷിക്കുന്നതിന്റെ കാരണം അറിയിക്കേണ്ടതാണെന്നും കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നും 11.10.2019ലെ ഓഡിറ്റ് എൻക്വയറി നം. 43/2017-18 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. പരസ്യനികുതിയിനത്തിലെ കുടിശിക അടിയന്തരമായി പിരിച്ചെടുക്കേണ്ടതാണ്.

## 2-7 ചരക്കുസേവനനികുതിയുടെ പരിധിയിൽ വരുന്ന നികുതിവരവുകൾ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം ബാലൻസ് ഷീറ്റിലെ ബാധ്യതകളായി (ഷെഡ്യൂൾ ബി -9) താഴെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| Recoveries payable - Value Added Tax - Municipal fund | 1,94,262 |
| Recoveries Payable - Value Added Tax - Special Funds | 20,887 |
| VAT payable. | 48,539 |

| | |
|---|---|
| Service Tax Payable | 16,02,924 |
| Luxury Tax Payable | 22,526 |

ചരക്കുസേവനനികുതി 2017 ജൂലൈ 1 മുതൽ നടപ്പിലായ സാഹചര്യത്തിൽ മേൽപരാമർശിച്ച ഇനങ്ങളിൽ തുക അടവാക്കാൻ അവശേഷിക്കുന്നതിനുള്ള കാരണം അറിയിക്കേണ്ടതാണെന്നും സർക്കാരിലേക്ക് ഈ തുകകൾ അടവാക്കാനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണെന്നും 11.01.2019ലെ ഓഡിറ്റ് എൻക്വയറി നം. 44/2017-18 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ നികുതിവരവുകൾ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 റോഡ് കട്ടിംഗ് ചാർജ്ജജസ് ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല

2017-18 കാലയളവിൽ റോഡ് കട്ടിംഗ് ചാർജ്ജായി വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ, ഇതര സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ലഭ്യമായിട്ടുള്ളത് 2,45,616 രൂപയാണ്.(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റമെന്റ് ഷെഡ്യൂൾ RP-4 Fees & User charges) . 2017-18 കാലയളവിൽ ഈയിനത്തിൽ പിരിച്ചെടുക്കേണ്ട തുക, ഈടാക്കുവാൻ ബാക്കിയുള്ളതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മേൽപ്പറഞ്ഞയിനത്തിന്റെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.21/12.12.18)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കേരളോത്സവം 2017-ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ₹ 48,212/- തടസ്സം ചെയ്യുന്നു.

ഫയൽ നം. എച്ച്3-12212/17

മേൽ ഫയൽ പരിശോധിച്ചതിൽ കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിച്ച കേരളോത്സവം 2017 തിരൂർ നഗരസഭയിൽ 06.11.2017 മുതൽ 09.11.2017 വരെയുള്ള ദിവസങ്ങളിൽ നടത്തിയിട്ടുണ്ട്. വിവിധ ചെലവിനത്തിൽ 72,112 രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ 23900 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.48212 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

സംസ്ഥാന യുവജന ക്ഷേമ ബോർഡ് ,ജില്ലാ യൂത്ത് കേന്ദ്രം മലപ്പുറം ജില്ലാ യുവജന പ്രോഗ്രാം ഓഫീസറുടെ 03.02.2018ലെ പി/20/17ഡി.വൈ.സി.എം.പി.എം. കത്ത് പ്രകാരം കേരളോത്സവം 2017 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് നൽകുന്നതിന് നഗരസഭയുടെ അക്കൗണ്ട് വിവരം ആവശ്യപ്പെടുകയും നിശ്ചിത പ്രഫോർമയിൽ എച്ച്3/12212/17 തി.08.02.2018 പ്രകാരം ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർക്ക് അയച്ചിട്ടുണ്ട്. എന്നാൽ ഗ്രാന്റ് ലഭ്യമായതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ ഓഡിറ്റ് പരാമർശങ്ങൾക്ക് 21.12.2018ന് ഓഡിറ്റ് എൻക്വയറി നമ്പർ 33 /2017-18 നൽകിയെങ്കിലും മറുപടി ഹാജരാക്കുകയോ ചെലവ് രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.ചെലവ് തുക ₹ 48212 തടസ്സം ചെയ്യുന്നു.

## 3-2 അപകട ഭീഷണിയുള്ള മരങ്ങൾ വെട്ടിമാറ്റുന്നുവെങ്കിലും തടികൾ ലേലം ചെയ്യുന്നില്ല. ചെലവ് തുക₹16,500തടസ്സം ചെയ്യുന്നു

2017-18 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ പൊതുജനങ്ങൾക്ക് അപകട ഭീഷണിയുള്ള മരങ്ങൾ വെട്ടിമാറ്റുന്നതിന് നഗരസഭ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്ത് തുക നഗരസഭ ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. വെട്ടിമാറ്റിയ മരങ്ങൾ ,ചെലവ് തുക സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ഫയൽ നം. | സ്ഥലം | മരം | ചെലവ് തുക | വൗച്ചർ നം./തിയ്യതി | ചെക്ക് നം./തിയ്യതി |
|---|---|---|---|---|---|---|
| 1 | H2 NUI/2363 /12745 /17(43) | ചെമ്പ്ര വായന ശാല ക്ക് സമീപം | ചീനി | 1500 | 21700448/24.07.2017 | 402621/24.07.2017 |
| 2 | H2 NUI/2363 /13047 /17(41) | ഏഴൂർ ഗവ.ഹയർ സെക്കൻഡറി സ്കൂൾ ന് സമീപം | ബദാം | 3000 | 21700532/19.08.2017 | 402663/19.08.2017 |

| | | | | | | |
|---|---|---|---|---|---|---|
| 3 | H2 12060/17 | നഗരസഭ ചിൽഡ്രൻസ് പാർക്കിനു പുറകിൽ | ചീനി | 12000 | 21700319/14.06.2017 | 426982/14.06.2017 |

ഇതു സംബന്ധിച്ച് നൽകിയ 20.03.2018ലെ ഓഡിറ്റ് എൻക്വയറി നം 4./2017-18 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1,2 എന്നിവ ലേലം ചെയ്യാൻ സാധിച്ചിട്ടില്ല എന്നും ടി മരങ്ങൾ വാല്യൂവേഷൻ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ക്രമ നമ്പർ 3ന് മലപ്പുറം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും വാല്യൂവേഷൻ നടത്തി വില നിശ്ചയിച്ച് ഉത്തരവ് ലഭിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം ലേലം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്.

വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്ത് തുക നഗരസഭ ഫണ്ടിൽ അടവക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയത് വരേക്കും ചെലവ് തുക 16500തടസ്സം ചെയ്യുന്നു.

## 3-3 ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ ഡയറീസ്-വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക ₹25,000 തടസ്സം ചെയ്യുന്നു.

ഫയൽ നം. G3(G4)-1523/01

ചെലവ് തുക ₹25000

03.03.2017 ലെ ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാന്റെ എസ്.എം.എച്ച്. 200/2017 നമ്പർ കത്ത് പ്രകാരം 125 ഡയറികൾ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് തുക ₹25000(125*₹200) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 30.03.2017ലെ 4 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാന് നൽകുകയും ചെയ്തു. (വൗച്ചർ നമ്പർ 21700172/12.05.2017,ചെക്ക് നമ്പർ 407772/12.05.2017,ഡിമാന്റ് ഡ്രാഫ്റ്റ് 811066/15.05.2017)

എന്നാൽ മേൽ ഫയൽ പരിശോധിച്ചതിൽ ഡയറികൾ സ്റ്റോക്കിലെടുത്തതിന്റെയും ആയവ വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമല്ല. സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം3./2017-18 തി. 20.03.2018 ന് നൽകിയ മറുപടിയിൽ ചെയർമാൻമാരുടേയും കോർപ്പറേഷൻ മേയർമാരുടേയും ഐക്യവേദിയായ ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ ഡയറികൾക്ക് ചെയർപേഴ്സൻമാരുടെ നിർദ്ദേശ പ്രകാരം ഓർഡർ നൽകുകയും ഡയറികൾ ലഭിച്ചു കഴിഞ്ഞാൽ കൗൺസിലർമാർക്കും മറ്റുള്ളവർക്കും വിതരണം ചെയ്യുന്നതിന് ചെയർപേഴ്സൻ വശം നൽകാറാണുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. സ്റ്റേക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഡയറികൾ സ്റ്റോക്കിലെടുത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആർക്കെല്ലാം ആണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

വിതരണ രേഖ ഹാജരാക്കാത്തതിനാൽ ചെലവ് ₹25000 തടസ്സം ചെയ്യുന്നു.

## 3-4 സാക്ഷരതാമിഷൻ പ്രേരക് മാർക്ക് ഓണറേറിയം നൽകിയ ₹ 1,96,609/- ക്രമീകരിച്ചില്ല.

തിരൂർ നഗരസഭാ പരിധിയിലെ തുടർ സാക്ഷരതാ കേന്ദ്രങ്ങളിലെ പ്രേരക്/അസിസ്റ്റന്റ് പ്രേരക് എന്നിവർക്ക് 2016-17 വർഷത്തേക്ക് ഓാണറേറിയം തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ 17-07-2016 ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 2128/2016 തസ്വഭവ. പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം അനുവദിക്കുന്ന തുക സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കി ക്രമീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട എച്ച്3-9273/98 നമ്പർ ഫയൽ പരിശോധിച്ചതിൽ 2016 സെപ്റ്റംബർ മുതൽ 2017 മാർച്ച് മാസം വരെ പ്രേരക്/അസിസ്റ്റന്റ് പ്രേരക് മാർക്ക് 1,96,609/- രൂപ ഓണറേറിയം അനുവദിച്ചിട്ടുണ്ട്. ടി തുക തിരികെ ലഭിക്കുന്നതിനായി 25-07-2017ലെ എച്ച് 3-9273/98 നമ്പർ പ്രകാരം നഗരസഭ കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക ലഭിച്ചിട്ടില്ല. 2017-18 വർഷത്തിൽ ഈയിനത്തിൽ തുക ചെയ്തത് സംബന്ധിച്ച വിവരവും ഫയലിൽ ഇല്ല. പ്രേരക്മാരുടെ ഓണറേറിയം വരവ് ചെലവുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് 28-11-2018 ലെ 12/17-18 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹ 1,96,609/- ക്രമീകരിക്കേണ്ടതാണ്.

## 3-5 എസ്.എസ്.എ. വിഹിതം നൽകിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹ 24,07,765യുടെ ചെലവ് തടസപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ – നഗരസഭ സെക്രട്ടറി
ബിൽ നം. 5/17-18 തി.25.07.2017- ₹24,07,765/-

2017-18 വർഷം നഗരസഭയുടെ എസ്.എസ്.എ. വിഹിതം നൽകുന്ന പ്രൊജക്ട് 309/2018 നമ്പരായി നടപ്പാക്കിയിട്ടുണ്ട്. എസ്.എസ്.എ. വിഹിതമായി 24,07,765 രൂപ 21.07.2017ലെ 70ആം നമ്പർ ഉത്തരവ് പ്രകാരം എസ്.എസ്.എ. ജില്ലാ പ്രൊജക്ട് ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്.

23.10.2017ലെ സി/04/2016/എസ്.എസ്.എ/എം.പി.എം. നമ്പർ കത്ത് പ്രകാരം 9,78,235 രൂപ കൂടി നൽകുന്നതിനായി എസ്.എസ്.എ. പ്രൊജക്ട് ഓഫീസർ അഭ്യർത്ഥിച്ചിരുന്നത് 29.11.2017ലെ 13-ആം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, അധികവിഹിതം നൽകിയതായി ഫയലിൽ ലഭ്യമാക്കിയ രേഖകളിൽ നിന്ന് വ്യക്തമല്ല. 17-12-2018ലെ ഓഡിറ്റ് എൻക്വയറി നം. 29/2017-18 പ്രകാരം നഗരസഭാപരിധിയിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടിൽ 40% തുക വകയിരുത്താതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നും എസ്.എസ്.എ. ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടിരുന്നു. SSA ആവശ്യപ്പെട്ട തുകയിൽ 24,07,765/- രൂപ മാത്രമാണ് നഗരസഭ അടവാക്കിയതെന്നും പദ്ധതി പരിഷ്കരണസമയത്ത് ഫണ്ടിന്റെ അപര്യാപ്തത കാരണം ബാക്കി തുക 9,78,235/- രൂപ നൽകാൻ കഴിഞ്ഞിട്ടില്ലെന്നുമാണ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ഇതുവരെ ലഭ്യമായിട്ടില്ലെന്നും 9.10.2017ലെ ജില്ലാ പ്രൊജക്ട് ഓഫീസറുടെ സി/04/2016/എസ്.എസ്.എ. നമ്പർ കത്ത് പ്രകാരം തുക ലഭ്യമായതായി അറിയിച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ 24,07,765/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-6 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങി നൽകിയത് - രേഖകൾ ഹാജരാക്കിയില്ല - ₹ 2,50,000 തടസപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ – നഗരസഭ സെക്രട്ടറി
ബിൽ നം. 19/17-18 തി.27.01.2018- ₹2,50,000/-

2017-18 വർഷം 2,50,000 രൂപക്ക് ഹോമിയോമരുന്നുകൾ വാങ്ങുന്നതിന് 306/2018 നമ്പർ പ്രൊജക്ട് നടപ്പാക്കിയിരുന്നു. 30.05.2017ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഒന്നാം നമ്പർ തീരുമാനപ്രകാരം ശുപാർശ ചെയ്യുകയും 07.06.2017ലെ ഭരണസമിതിയോഗം ഒന്നാം നമ്പർ തീരുമാനപ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തു. 10-01-2018ലെ 161ആം നമ്പർ ഉത്തരവ് പ്രകാരം ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റിവ് ഫാർമസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രഷറി മുഖാന്തിരം ₹ 2,50,000 നിക്ഷേപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മരുന്ന് കൈപ്പറ്റിയതും സ്റ്റോക്കിലെടുത്തതുമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മരുന്നുകളുടെ ബില്ലുകളും സ്റ്റോക്ക് വിവരങ്ങളും പരിശോധനക്കായി ഹാജരാക്കേണ്ടതാണെന്ന് 17.12.2018ലെ ഓഡിറ്റ് എൻക്വയറി നം. 28/2017-18 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്നും ഫാർമസിയുമായി ബന്ധപ്പെട്ടപ്പോൾ എത്രയും വേഗം മരുന്നെത്തിക്കാമെന്നാണ് അറിയിച്ചിട്ടുള്ളതെന്നുമാണ് എൻക്വയറിക്കുള്ള മറുപടിയായി അറിയിച്ചിട്ടുള്ളത്. പദ്ധതി പ്രകാരമുള്ള തുക 2018 ജനുവരി മാസത്തിൽ അടവാക്കിയിട്ടും നാളിതുവരെയായും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ തുക തടസപ്പെടുത്തുന്നു. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാനുള്ള മേൽനോട്ടം നഗരസഭ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 3-7 ഗ്രോബാഗ് വിതരണം : മാർഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല - ₹ 14,225/- തടസ്സപ്പെടുത്തുന്നു.

ബിൽ നം. KBT 06/2017-18 ₹ 10425/-
ബിൽ നം. KBT 13/2017-18 ₹ 3800/-

തിരൂർ നഗരസഭ 2017-18 വർഷത്തിൽ കൃഷി ഫീൽഡ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് നമ്പർ 191/2017-18 ഗ്രോബാഗ് വിതരണം പ്രൊജക്ട് പ്രകാരം 37 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് 14225/- രൂപ ചെലവഴിച്ചിരുന്നു. 03.04.2017ലെ സ.ഉ. (എം.എസ്.) നമ്പർ 80/2017/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2017-18 വർഷത്തെ വാർഷികപദ്ധതിയിലെ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ 8.1.10 ഖണ്ഡിക പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് ഗ്രോബാഗ് വിതരണം ചെയ്യുന്ന പ്രൊജക്ട് നടപ്പാക്കേണ്ടിയിരുന്നത്. സ്ഥലവിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി/ഗ്രോബാഗ് വരെ നൽകാം, കൃഷിവകുപ്പ് പദ്ധതി പ്രകാരം മൺചട്ടി/ഗ്രോബാഗ് ലഭിച്ചവർക്ക് വീണ്ടും നൽകാൻ പാടില്ല, കുടുംബശ്രീ യൂണിറ്റുകൾ/കർഷകഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന (10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടികൾ)താണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം ഏന്നീ നിബന്ധനകൾ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. നഗരസഭ പ്രൊജക്ട് നടപ്പാക്കുന്നതിനായി ഗ്രോബാഗ് വാങ്ങിയിട്ടുള്ളത് കെ.എസ്.ആർ. ഫെർട്ടിലൈസേഴ്സ്, 16/395, കുത്തനൂർ, തോലനൂർ പോസ്റ്റ്, പാലക്കാട് എന്ന സ്വകാര്യസ്ഥാപനത്തിൽ നിന്നായിരുന്നു. കൃഷിവകുപ്പ് പദ്ധതി പ്രകാരം മൺചട്ടി/ഗ്രോബാഗ് ലഭിച്ചവർക്ക് വീണ്ടും നൽകാൻ പാടില്ല എന്ന മാനദണ്ഡം പാലിച്ചാണോ പദ്ധതി നടപ്പാക്കിയതെന്ന് പ്രൊജക്ട് രേഖകളിൽ നിന്ന് വ്യക്തമല്ല. മാനദണ്ഡത്തിൽ പറയുന്ന രീതിയിൽ പത്ത് ഇഞ്ച് വലിപ്പത്തിലുള്ള ചട്ടിയുടെ അളവുള്ള ഗ്രോബാഗാണോ വിതരണം ചെയ്തതെന്ന് പ്രൊജക്ട് രേഖകളിൽ നിന്ന് വ്യക്തമല്ല. 15.12.2018ലെ ഓഡിറ്റ് എൻക്വയറി നം. 27/2017-18 പ്രകാരം മേൽപരാമർശിച്ച അപാകതകളിൽ വിശദീകരണം തേടിയിരുന്നു.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി താഴെ പറയുന്ന വിശദീകരണമാണ് കൃഷി ഓഫീസർ നൽകിയിട്ടുള്ളത്.

2016-17ൽ ഗ്രോബാഗ് പദ്ധതി നടപ്പാക്കിയത് പോലെ കർഷകർ ഏജൻസികളിൽ നിന്നും നേരിട്ട് വാങ്ങുകയാണ് 2017-18ലും ചെയ്തത്. നഗരസഭ സാംസ്കാരികസമുച്ചയത്തിൽ വെച്ച് കെ.എസ്.ആർ. ഫെർട്ടിലൈസേഴ്സ് എന്ന സ്ഥാപനം ഗ്രോബാഗ് വിറ്റിരുന്നു. അവിടെനിന്നും ഗ്രോബാഗുകൾ വാങ്ങിയ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട കർഷകർ ബില്ലുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുകയാണ് ചെയ്തിട്ടുള്ളത്.

നഗരസഭാപരിധിയിലെ കുടുംബശ്രീകളോ മറ്റ് കർഷക ഏജൻസികളോ ഗ്രോബാഗ് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നില്ല എന്നതിനാലാണ് കർഷകർക്ക് ലഭ്യമായ ഏജൻസിയിൽ നിന്നും ഗ്രോബാഗ് വാങ്ങുന്ന രീതിയിൽ പദ്ധതി നടപ്പാക്കിയത്. 2017-18ലെ പദ്ധതി നിർവ്വഹണസമയത്ത് ഈ ഓഫീസിലെ സ്റ്റാഫിന്റെ അപര്യാപ്തത കാരണമാണ് മാർഗരേഖയിലെ നിർദ്ദേശം മുഴുവനായും പാലിക്കാൻ കഴിയാതിരുന്നത്. പദ്ധതിയിലെ ഗുണഭോക്താക്കൾ കൃഷിവകുപ്പിന്റെ ആനുകൂല്യം കൈപ്പറ്റിയവരല്ല.

ഗ്രോബാഗ് വിതരണപദ്ധതി പ്രാദേശികമായ കർഷകസംഘങ്ങളെയോ കുടുംബശ്രീ യൂണിറ്റുകളുടെയോ സഹകരിപ്പിച്ച് ആസൂത്രണം ചെയ്യണം എന്ന ഉദ്ദേശ്യത്തിലാണ് അത് സംബന്ധിച്ച നിർദ്ദേശം മാർഗരേഖയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പദ്ധതി ആസൂത്രണവേളയിലോ നിർവ്വഹണവേളയിലോ ആ നിർദ്ദേശം നഗരസഭ പരിഗണിച്ചിട്ടില്ല എന്നത് വീഴ്ചയാണ്. പദ്ധതി ആസൂത്രണവേളയിൽ തന്നെ മാർഗരേഖയിലെ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള മുന്നൊരുക്കം നടത്തുന്നതിൽ നഗരസഭ പരാജയപ്പെട്ടുവെന്നാണ് എൻക്വയറിക്ക് ലഭിച്ച മറുപടി സൂചിപ്പിക്കുന്നത്. മാർഗരേഖാ നിർദ്ദേശങ്ങൾ യഥോചിതം പരിഗണിക്കാതെ പദ്ധതിനിർവ്വഹണം നടത്തിയിട്ടുള്ള സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുക ₹ 14,225/- തടസ്സപ്പെടുത്തുന്നു.

## 3-8 അർഹതയില്ലാത്തവർക്ക് ലാപ്ടോപ്പ് നൽകി-₹58,000/- നിരാകരിക്കുന്നു.₹ 87,000 തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം. - എസ്.ഒ.366/18

ആകെ അടങ്കൽ - ₹ 8,12,000/-

ആകെ ചെലവ് - ₹ 8,12,000/-

ബിൽ നം. - 4/2017-18 – തി.16.02.2018 ₹4,,35,000/-
9/2017 – 18 തി.27.03.2018 ₹ 3,77,000/
ലാപ്റ്റോപ്പ് എണ്ണം - 28 (28*₹ 29000= ₹ 8,12,000/-)

നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

03.04.2017 – ലെ സ.ഉ.(എം.എസ്.)നം.80/2017/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക നം.11.8 – സമർത്ഥരായ പട്ടിക ജാതി -പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം /യുവതി-യുവാക്കൾക്ക് തൊഴിൽ ധന സഹായത്തിലെ ക്രമ നം.6 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനിയറിംഗ്,മെഡിക്കൽ,കമ്പ്യൂട്ടർ സയൻസ്(ഡിപ്ലോമ,ബിരുദം,ബിരുദാനന്തര ബിരുദം ) എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടിക ജാതി -പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) ₹30,000/- അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്പ്/കമ്പ്യൂട്ടർ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്. ഒരാൾക്ക് ഒരു തവണമാത്രമേ ഈ ആനുകൂല്യം നൽകാവൂ. വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകാം. സ്ഥാപന മേധാവിയിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണമെന്നും വ്യക്തമാക്കുന്നു.

മേൽ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.മേൽ മാർഗ്ഗ രേഖയിൽ ആനുകൂല്യം നൽകാവുന്നത് ബിരുദം,ബിരുദാനന്തര ബിരുദം, പോളിടെക്നിക്,എഞ്ചിനിയറിംഗ്,മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവരായിരിക്കണം എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ആയത് പാലിക്കാതെ ചുവടെ കൊടുക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | പേര്&വിലാസം | വാർഡ് നം | പഠിക്കുന്ന കോഴ്സ് | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ.അജേഷ് ബാബു. കമ്പിളി പാലക്കൽ | 26 | പി.എച്ച്.ഡി. | JRF award letter No.F 15-6(Dec.2011)/2012,<br>NET-UGC Ref.No.55(NET-Dec 2011 |
| 2 | കുമാരി.കൃഷ്ണ വേണി, കുറ്റിക്കാട്ടു പറമ്പിൽ വീട്, മുത്തൂർ, തിരൂർ | 26 | ഡി.ടി.പി. | കേമ്പിയർ കോളേജ്, ബി.പി.അങ്ങാടി |

2.ചുവടെ കൊടുക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകളുടെ കൂടെ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ.നം. | പേര് & വിലാസം | കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ഹരീഷ്.വി, വേട്ടാത്ത് വീട്,സൗത്ത് അന്നാര, | ഡിഗ്രി | ശ്രീ നാരായണ ആർട്സ് & സയൻസ് കോളേജ് കുമരകം കോട്ടയം |

| | | | |
|---|---|---|---|
| 2 | ഷിബിൻ.പി.കെ, പുല്ലാനിക്കാട്ട് വീട്, കുത്തുപറമ്പ് | ഐ.ഐ.ടി. | ലഭ്യമല്ല |
| 3. | കിരൺകുമാർ.കെ.പി. കമ്പിളി പാലക്കൽ വീട്,മുത്തൂർ, തിരൂർ | ലഭ്യമല്ല | ലഭ്യമല്ല |

ഇത് സംബന്ധിച്ച് 06.12.2018ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/2017-18ന് ലഭ്യമാക്കിയ മറുപടിയിൽ കൗൺസിൽ അംഗീകരിച്ച് നൽകിയ ഗുണഭോക്താക്കൾക്കാണ് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുള്ളതെന്നും പദ്ധതി സാധൂകരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളത്. ആയതിനാൽ അർഹതയില്ലാത്ത രണ്ട് പേർക്ക് ലാപ് ടോപ്പ് വിതരണം ചെയ്തതിന് ചെലവഴിച്ച ₹58,000/- ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് തിരികെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അപേക്ഷകളുടെ കൂടെ ആവശ്യമായ രേഖകളില്ലാത്തതിനാൽ ₹ 87,000 ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-9 കേരളാ സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക ₹ 10,00000/- തടസ്സം ചെയ്യുന്നു.

ഫയൽ നം. H3/13968/17

പ്രൊജക്ട് നം. SO273/18

അടങ്കൽ : ₹10,00000/-

ചെലവ് : ₹10,00000/-

ബിൽ നം : 25/17-18 തി. 19.08.2017

നിർവ്വഹണോദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന

സെൽ, തിരൂർ

കേരളാ സാമൂഹ്യ സുരക്ഷാ മിഷനുള്ള പ്രവർത്തന വിഹിതമായ ₹ 10,00000/- 6.5.2013 ലെ സ. ഉ.(സാധാ.) നം. 1209/2013/ത.സ്വ.ഭ.വ. യുടെ അടിസ്ഥാനത്തിൽ നൽകുന്നതിനാണ് മേൽ പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10-07-2017 ലെ എ3/2101 /2016/കെ.എസ്.എസ്.എം കത്തിൽ നിർദ്ദേശിച്ച പ്രകാരം മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ 701011400000134 നമ്പർ അക്കൗണ്ടിലേക്കാണ് തുക അടവാക്കിയിട്ടുള്ളത്. മേൽപരാമർശിച്ച സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം മിഷനിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ 6.12.2018ലെ ഓഡിറ്റ് എന്ക്വയറി നം 17ന് ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം 2016-17വർഷത്തിൽ നൽകിയ പ്രവർത്തന വിഹിതത്തിനുള്ളതാണ്.

മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.തുക ₹ 10,00000/- തടസ്സം ചെയ്യുന്നു.

## 3-10 ദേശീയ പെൻഷൻ പദ്ധതി-കുടിശ്ശിക തുക ₹18,57,868 -നിർജ്ജീവ നിക്ഷേപമായി -തനത് ഫണ്ടിൽ കിടക്കുന്നു.

ഫയൽ നമ്പർ- എ2(ജി1) 21652/13

7-1-2013 ലെ ജി.ഒ.(പി) നമ്പർ. 20/2013 ധന. 3-4-2013 ലെ ജി.ഒ. (പി) നമ്പർ 149/2013 ധന. ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 1-4-2013 പ്രാബല്യത്തിൽ ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. തിരൂർ നഗരസഭയിലെ 1-4-2013 ന് ശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ അടിസ്ഥാന ശമ്പളം+ഡി.എ.യുടെ 10% വിഹിതമായി പിടിക്കുന്നുണ്ട്. തിരൂർ നഗരസഭയിൽ ദേശീയ പെൻഷൻ പദ്ധതിയിൽ 2013-14 ൽ 10 ഉം , 2014-15 ൽ 15 ഉം, 2015-16 ൽ 19 ഉം, 2016-17 ൽ 16 ഉം , 2017-18 ൽ 16 ഉം ജീവനക്കാരാണ് ഉൾപ്പെട്ടിരിക്കുന്നത്. തിരൂർ നഗരസഭയിൽ നിന്നും ആഗസ്റ്റ് 2013 മുതലുള്ള ശമ്പളത്തിൽ നിന്നുമാണ് പെൻഷൻ വിഹിതം ഈടാക്കിയിട്ടുള്ളത്.

നഗരകാര്യഡയറക്ടറുടെ 11-07-2016ലെ പി6/1238/2012 കത്ത് പ്രകാരം ജീവനക്കാരിൽ നിന്നും ഈടാക്കുന്ന 10% തുകയും നഗരസഭ വിഹിതം 10% തുകയും നഗരസഭ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും തുടർ നിർദ്ദേശം നൽകുന്ന മുറയ്ക്ക് ടി തുക നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറേണ്ടതുമാണ്.

നഗരകാര്യ ഡയറക്ടറുടെ 27-09-2016ലെ പി6-13617/224 കത്ത് പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് 23-09-15ലെ ഇ5-13617/14 19-9-16ലെ പി6-1238/12DUA പ്രകാരം ആവശ്യപ്പെട്ടിരുന്നെന്നും. കുടിശ്ശിക തുകയോട്ടുകൂടിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (ജീവനക്കാരുടെ പെൻ നമ്പർ ഉൾപ്പെടെ) അടിയന്തിരമായി ട്രാൻസ്ഫർ ചെയ്യേണ്ടതാണെന്നും ആവശ്യപ്പെട്ടിരുന്നു.

നഗരകാര്യ ഡയറക്ടറുടെ 05-10-2016 ലെ പി6-13617/14 DUA കത്ത് പ്രകാരം ജീവനക്കാരിൽ നിന്നുള്ള

വിഹിതവും തത്തുല്യമായ നഗരസഭാ വിഹിതവും നഗരകാര്യ ഡയറക്ടറുടെ എസ്.ബി.റ്റി നന്ദൻകോട് ശാഖയിലെ അക്കൗണ്ട് നമ്പർ. 67308468893ലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് അടവാക്കാൻ ആവശ്യപ്പെട്ടു.

20-08-2016ലെ 8-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭാ വിഹിതം 10% അടവാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സെപ്തംബർ 2016മുതൽ പെൻഷൻ വിഹിതമായി ജീവനക്കാരിൽ നിന്നും ഈടാക്കുന്ന 10% തുകയും നഗരസഭാ വിഹിതമായ 10% നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓരോ മാസവും അടവാക്കുന്നുണ്ട്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും ഈടാക്കിയ തുകയും( 2013 ഓഗസ്റ്റ് മുതൽ 2016സെപ്തംബർ വരെ 9,48,718 രൂപയിൽ നിന്നും 19,784 കുറവ് ചെയ്ത് (സേവനം മാറിപ്പോയ ജീവനക്കാർക്ക് തിരിച്ചു നൽകിയത്) 9,28,934/- രൂപയും ) തത്തുല്യമായ നഗരസഭാ വിഹിതവും 9,28,934/- രൂപ ആകെ 18,57,868 കുടിശ്ശികയായി അടവാക്കാനുണ്ട്. ആഗസ്റ്റ് 2013 മുതൽ സെപ്തംബർ 2016 വരെ ജീവനക്കാരിൽ നിന്നും ഈടാക്കിയ തുക നഗരസഭയുടെ തനത് ഫണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. നഗരസഭാ വിഹിതമായ 10%വും മാറ്റിവെച്ചിട്ടില്ല. ആയത് തനത് ഫണ്ടിൽ dead investment ആയി കിടക്കുകയാണ്.

നഗരസഭാ സെക്രട്ടറിയുടെ നഗരകാര്യ ഡയറക്ടർക്കുള്ള 25-04-2017 ലെ എ2/(ജി1) 21652/13 കത്തിൽ നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് കുടിശ്ശിക തുക അടവാക്കാത്തതെന്നും കുടിശ്ശിക തുക ഗഡുക്കളായി അടച്ചുകൊള്ളാമെന്നും നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്

ജീവനക്കാരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന കുടിശ്ശിക തുക നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റുകയോ നഗരസഭ പെൻഷൻ ഫണ്ടിലേക്ക് മാറ്റുകയോ ചെയ്തിട്ടില്ല,

8/2013 മുതൽ സേവനത്തിലുള്ള ശ്രീമതി. സഫിയ. ബിൽ കളക്ടർ, ശ്രീമതി. അജിത, സാനിട്ടേഷൻ വർക്കർ എന്നിവർക്ക് PRAN നമ്പർ കിട്ടാത്തത് കൊണ്ട് അവരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുക തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

ഇവ സംബന്ധിച്ച് നൽകിയ 06.12.2018ലെ ഓഡിറ്റ് എൻക്വയറി നമ്പർ 14 ന് നൽകിയ മറുപടിയിൽ പെൻഷൻ വിഹിതം നഗരസഭയുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം 2016 ജൂലൈ മാസത്തിലാണ് ലഭിച്ചിട്ടുള്ളതെന്നും ആയതിനാലാണ് 2013 ആഗസ്റ്റ് മാസം മുതൽ 2016 ആഗസ്റ്റ് വരെയുള്ള പെൻഷൻ വിഹിതം തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. ടി കാലയളവിലെ പങ്കാളിത്ത പെൻഷൻ കുടിശ്ശിക തുക 19 ലക്ഷത്തോളം രൂപ അടവാക്കാനുണ്ട്. നഗരസഭയുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ആയത് ഗഡുക്കളായി അടവാക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.PRAN നമ്പർ ലഭിക്കാത്ത ജീവനക്കാർക്കാരുടെ അപേക്ഷകളിലെ അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ടവർക്ക് അയച്ച് കൊടുത്തിട്ടുണ്ട്. സേവനത്തിൽ നിന്നും മാറിപ്പോയ ജീവനക്കാർക്ക് തുക തിരിച്ച് നൽകിയ കാര്യത്തിൽ ആയത് തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ജീവനക്കാർക്ക് അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ അടിയന്തിരമായി കുടിശ്ശിക തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.₹50,41,716.93/-

തിരൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 03.05.1972മുതൽ 31.03.2017 വരെയുള്ള കാലയളവിൽ അനുവദിച്ച മുൻകൂർ തുകയായ ₹ 49,53,416.93/-യും 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ₹88,300/-യും നാളിതുവരെയായും ക്രമീകരിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | മുൻകൂർ എടുത്ത ജീവനക്കാർ/ജീവനക്കാരന്റെ പേര് | മുൻകൂർ എടുത്ത കാലയളവ്/തിയ്യതി | തുക | ഏത് ആവശ്യത്തിലേക്ക് |
|---|---|---|---|---|
| 1 | വിവിധ ജീവനക്കാർ/ഏജൻസികൾ | 03.05.1972മുതൽ 31.03.2016 വരെ | 49,53,416.93/- | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് |
| 2 | ശ്രീ.സുധീർ.ബി.,ഓവർസിയർ | 18.04.2017 | 10,000/- | 20/263Aനമ്പർ ബങ്കിനോട് ചേർന്നുള്ള അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന്റെ ചെലവിലേക്ക് |
| 3 | ശ്രീ.വി.മണികണ്ഠൻ,ഹെൽത്ത് ഇൻസ്പെക്ടർ | 28.07.2017 | 10,000/- | ലൈഫ് മിഷൻ കരട് പട്ടിക പ്രസിദ്ധീകരണവും PMAY ആദ്യ ഗഡു വിതരണം ഉത്ഘാടനവും പരിപാടി ചെലവിലേക്ക്. |

| | | | | |
|---|---|---|---|---|
| | | | | |
| 4 | ശ്രീ.വി.മണികണ്ഠൻ,ഹെൽത്ത് ഇൻസ്പെക്ടർ | 11.08.2017 | 15,000/- | പകൽ വീട്,ഗ്യാസ് ക്രിമറ്റോറിയം ഉത്ഘാടന ചെലവിലേക്ക് |
| 5 | ശ്രീ. അബ്ദു ജലീൽ.കെ, ഓഫീസ് അറ്റൻഡ് | 24.08.2017 | 6,000/- | ഓണം അഡ്വാൻസ് |
| 6 | ശ്രീ. ബാല സുബ്രമണ്യൻ, PWO 1 | 06.10.2017 | 6,000/- | തണ്ടപേർ രജിസ്റ്റർ ചെയ്യുന്നതിന്(അംഗൻവാടി) |
| 7 | ശ്രീ.അബ്ദുൽ കരീം,PWO 1 | 24.10.2017 | 25,000/- | ഗ്യാസ് ക്രിമറ്റോറിയം ജനറേറ്റർ ഷെഡ് നിർമ്മിക്കുന്നതിന് |
| 8 | ശ്രീ.അബ്ദുൽ കരീം,PWO 1 | 07.11.2017 | 16,300/- | നഗരസഭ ഗ്യാസ് ക്രിമിറ്റോറിയത്തിലേക്ക് സോക് പിറ്റ്, വാട്ടർ പിറ്റ് എന്നിവ നിർമ്മിക്കുന്നതിന് |
| | ആകെ | | 50,41,716.93/- | |

04.10.2011 ലെ ജി.ഒ.(പി)നം.419/2011/ധന.പ്രകാരം ഭേദഗതി വരുത്തിയ ആർട്ടിക്കിൾ 90,കെ.എഫ്.സി. പ്രകാരം മുൻകൂറുകൾ ചെലവഴിച്ചതിന്റെ അഡ്ജസ്റ്റ്മെന്റ് ബിൽ 3 മാസത്തിനകം സമർപ്പിച്ചില്ലെങ്കിൽ മുൻകൂറുകൾ പിൻവലിച്ച തിയ്യതി മുതൽ തിരിച്ചു പിടിക്കുന്ന തിയ്യതി വരെ 18/% നിരക്കിൽ പലിശ സഹിതം മുഴുവൻ മുൻകൂറും തിരിച്ചു പിടിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 06.12.2018ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15ന് നൽകിയ മറുപടി പ്രകാരം 1972 മുതൽ 1982 കൂടിയ കാലത്തെ മുൻകൂറുകൾ എഴുതി തള്ളുന്നതിനായി 22.12.2009ലെ എ2.4882/09 പ്രകാരം റിജ്യണൽ ജോയിന്റ് ഡയറക്ടർക്ക് അയച്ചിട്ടുള്ളതാണെന്നും ശേഷമുള്ളവയിൽ ക്രമീകരിക്കാത്തവ(മേൽ വിലാസം ലഭ്യമായവരിൽ നിന്നും )ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും 2017-18 വർഷത്തിലെ മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിക്കുന്നതിന് ജീവനക്കാർക്ക് മെമ്മോ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മേൽ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മുൻകൂറുകൾ തിരിച്ച് പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, മുൻകൂർ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി, പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-12 കണ്ടീജന്റ് പെൻഷൻ -അടിസ്ഥാന പെൻഷനിൻമേൽ ക്ഷാമ ആശ്വാസം കണക്കാക്കുന്നില്ല.

ഫയൽ നമ്പർ- എച്ച്1- 14405/13

തിരൂർ നഗരസഭയിലെ ആരോഗ്യ വിഭാഗം കണ്ടീജന്റ് പെൻഷൻ വിതരണ ഫയൽ പരിശോധിച്ചതിൽ സ.ഉ.(എം.എസ്)നം.178/2017 ത.സ്വ.ഭ.വ. തി.07.09.2017 ഉത്തരവ് പ്രകാരം പെൻഷൻ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച പെൻഷൻ വിതരണം ചെയ്തിട്ടുള്ളത് 2018 ഏപ്രിൽ മാസം മുതലാണ്. നിലവിൽ 57 പെൻഷൻകാരാണുള്ളത്. ആയതിൽ 19 പേരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ പുനസ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള 38 പെൻഷൻകാരുടെ ക്ഷാമാശ്വാസം കണക്കാക്കിയിട്ടുള്ളത് അടിസ്ഥാന പെൻഷൻ എടുത്തിട്ടല്ല. കമ്മ്യൂട്ട് ചെയ്ത ഭാഗം ഒഴിവാക്കി റെസീഡ്യൂൽ പെൻഷനിൽമേലാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്രകാരം 2018 ഏപ്രിൽ മുതൽ ഡിസംബർ 2018 വരെ പെൻഷൻകാർക്ക് ഡി.ആർ ഇനത്തിൽ കുറവ് വന്നിട്ടുണ്ട്.

ഇതു സംബന്ധിച്ച് 05.01.2019ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/2018 ന് മറുപടി നൽകിയിട്ടില്ല.

മേൽ വിഷയം പരിശോധിച്ച് പെൻഷൻകാർക്ക് അർഹതപ്പെട്ട തുക നൽകേണ്ടതാണ്.അടിസ്ഥാന പെൻഷനിൻമേൽ ഡി.ആർ കണക്കാക്കി 2018 ഏപ്രിൽ മുതൽ ഡിസംബർ 2018 വരെയുള്ള പെൻഷൻ ഡ്യൂ ഡ്രേൺ സ്റ്റേറ്റ് മെന്റ് തയ്യാറാക്കി ആദ്യ മറുപടിയോടൊപ്പം നൽകേണ്ടതാണ്.

## 3-13 വൃദ്ധജനങ്ങൾക്ക് പകൽവീട് പദ്ധതി-അപാകതകൾ

വൃദ്ധജനങ്ങൾക്ക് പകൽ വീട് രണ്ട് പദ്ധതികളായിട്ടാണ് നടപ്പിലാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പകൽ വീട് നിർമ്മാണം

ഫയൽ നമ്പർ : PW1.19946/16

പദ്ധതി നമ്പർ : 224/17

അടങ്കൽ തുക : 58,75,000/-രൂപ.

കരാർ നമ്പർ : 24/2016-17/04-02-2017

നിർവ്വഹണ ഏജൻസി : FACT-RCF Building Products Ltd. (Joint venture of The Fertilisers And Chemicals Travancore Ltd. & Rashtriya Chemicals & Fertilisers Ltd. )

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എൻജിനീയർ

സാങ്കേതികാനുമതി :224/TIRMUNI/2016-17/07.02.2017.

ചെലവ് വിവരം :-(8% കൺസൾട്ടൻസി ചാർജ്ജും ആയതിന്റെ 15% സേവന നികുതിയുമുൾപ്പെടെ)

| ക്രമ നമ്പർ | ബിൽ നമ്പർ,തീയ്യതി | തുക (₹) |
|---|---|---|
| 1 | 14/2016-17 /27-02-2017 | 11,75,000 |
| 2 | 22/2016-17 /27-03-2017 | 17,62,500 |
| 3 | 57/2017-18 /19-08-2017 | 21,12,500 |
| 4 | 58/2017-18 /19-08-2017 | 2,38,775 |
| 5 | 164/2017-18 /21-03-2018 | 5,79,812 |
| ആകെ | | ₹ 58,68,587/- |

മേൽകാണും പ്രകാരം നഗര സഭയുടെ സ്വന്തം സ്ഥലമായ,കോരങ്ങത്ത് (തൃക്കണ്ടിയൂർ വില്ലേജിൽ) എന്ന സ്ഥലത്ത്,സമുച്ചയത്തിന് സമീപം, 3000 ചതുരശ്ര അടി വിസ്തൃതിയിലാണ്,നഗരസഭയിലെ വൃദ്ധർക്കായി 58 ലക്ഷത്തിലേറെ രൂപാ ചെലവഴിച്ച് ഇത്തരത്തിരത്തിലൊരു കെട്ടിടം പണിതത്.കെട്ടിടത്തിൽ രണ്ട് വിശ്രമ മുറികൾ,അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്,വയോമിത്രം പദ്ധതിക്കായി പ്രത്യേകമുറി,ഫാർമസി, ഡ്രോയിംഗ്റൂം,അടുക്കള,സ്റ്റോർ റൂം,തുറന്ന വരാന്ത,വാഹനം പാർക്ക് ചെയ്യാനുള്ള സൗകര്യം എന്നിവ ഒരുക്കിയിരിക്കുന്നു.

വൃദ്ധരുടെ സാമൂഹ്യസുരക്ഷ ലക്ഷ്യമിട്ടും,അവരുടെ സാമൂഹ്യ, സാമ്പത്തിക,മാനസിക, ആരോഗ്യ ഉന്നമനം ലക്ഷ്യമിട്ടുമുള്ള ഒരു പദ്ധതിയാണിത്.ഇതിലൂടെ ഈ വിഭാഗങ്ങൾക്ക് വാർദ്ധക്യത്തിലുള്ള അവശതകൾ മറന്ന് പുതിയൊരു ജീവിതത്തിനായുള്ള വഴി തുറക്കുക കൂടി പദ്ധതി ലക്ഷ്യമിടുന്നു.

2) പകൽവീട് പ്രവർത്തനം സജ്ജമാക്കൽ

ഫയൽ നമ്പർ : JHI 3.15477/17

പദ്ധതി നമ്പർ : SO292/18

അടങ്കൽ തുക : 12,00000/-രൂപ.(വികസന ഫണ്ട്-പൊതു വിഭാഗം)

ഭരണാനുമതി : 01/07.06.2017

നിർവ്വഹണം : പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ

ചെലവ് വിവരം

| ക്രമ നമ്പർ | ബിൽ നമ്പർ,തീയ്യതി | തുക (₹) |
|---|---|---|
| 1 | 47/2017-18 / 26.03.2018 | 1,93,430 |
| 2 | 56/2017-18 / 28.03.2018 | 1,06,403 |

| | | |
|---|---|---|
| 3 | 57/2017-18 / 26.03.2018 | 1,50,000 |
| ആകെ | | 4,49,833/- |

തിരൂർ നഗരസഭയിലെ 60 വയസ്സ് കഴിഞ്ഞ വൃദ്ധ ജനങ്ങളുടെ ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി നിർമ്മിച്ച പകൽ വീടിന്റെ പ്രവർത്തനം സജ്ജമാക്കുന്നതിനായി ഫർണീച്ചറുകൾ, ടെലിവിഷൻ, പാത്രങ്ങൾ, പാചക വാതക കണക്ഷൻ & സ്റ്റൗ തുടങ്ങിയവ വാങ്ങുന്നതിനും കെയർ ടേക്കറുടെ കൂലി എന്നിവക്കുമാണ് മേൽ പ്രോജക്റ്റിൽ തുക വകയിരിത്തിയിട്ടുള്ളത്. ആയതിലേക്ക് താഴെ കൊടുക്കുന്ന ബില്ലുകൾ പ്രകാരം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ.നം. | വാങ്ങിയ സ്ഥാപനം | ഇൻവോയിസ് നം. /തിയ്യതി | തുക | ഇനങ്ങൾ |
|---|---|---|---|---|
| 1 | KADCO Ltd Kozhikkode | KADCO/NRO /SALES /2017-18/220 തി.23.02.2018 | 1,93,430/- | ഫർണീച്ചറുകൾ, ടെലിവിഷൻ, പാത്രങ്ങൾ മുതലായവ |
| 2 | KADCO Ltd Kozhikkode | KADCO/NRO /SALES /2017-18/406 തി.27.03.2018 | 1,06,403/- | ഫർണീച്ചറുകൾ |
| 3 | Kerala state Book Mark | KSBM/187/2018 തി.23.03.2018 | 1,50,000/- | പുസ്തകങ്ങൾ (കഥ, കവിത, ലേഖനങ്ങൾ തുടങ്ങിയവ) |
| ആകെ | | | 4,49,833/- | |

അപാകതകൾ

1) 29.11.2018 ന് മുനിസിപ്പൽ ഓവർസിയറുടെ സാനിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പകൽ വീട്ടിൽ അന്തേവാസികളാരും ഉണ്ടായിരുന്നില്ല, ടെലിവിഷൻ പ്രവർത്തന സജ്ജമല്ല. ഭക്ഷണം നൽകാനായി വാങ്ങിയ പാത്രങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നു,പ്ലാസ്റ്റിക് വേസ്റ്റ് ബിൻ ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നു. ചുരുക്കത്തിൽ ഈ കെട്ടിടം പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2) 3-8-2016 ന് ഭരണാനുമതി ലഭിച്ച ഈ പദ്ധതി,FACT-RCF ബിൽഡിങ്ങ് പ്രോജക്റ്റ് മുഖേന നിർവ്വഹിക്കുന്നതിന്, 14/9-12-2016 ലെ കൗൺസിൽ തീരുമാന പ്രകാരം സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും,ആയതിന് സംസ്ഥാന തല കോർഡിനേഷൻ കമ്മീറ്റിയുടെ 18-01-2017 ലെ യോഗത്തിലെ ഖണ്ഡിക 3.42 പ്രകാരം അനുമതി ലഭിച്ചതായും ഫയലിൽ കാണുന്നു.ഫയൽ പരിശോധിച്ചതിൽ 9-12-16 ലെ തീരുമാനത്തിൽ പകൽവീട് എന്ന പദ്ധതിയെ കുറിച്ചല്ല, മറിച്ച് നഗരസഭയിലെ പേര് സൂചിപ്പിക്കാത്ത ചില പ്രവർത്തികളെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്.കൂടാതെ,സംസ്ഥാന തല കോർഡിനേഷൻ കമ്മീറ്റിയുടെ 18-01-2017 ലെ യോഗതീരുമാനത്തിന് ശേഷം പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണത്തിന് കൗൺസിലിന്റെ അംഗീകാരം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ഇക്കാര്യങ്ങളെല്ലാം ചൂണ്ടികാണിച്ച് 7/8.11.2018, 13 /4.12.2018 എന്നീ ഓഡിറ്റ് എൻക്വയറികൾ നൽകിയെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയിട്ടില്ല.

ചുരുക്കത്തിൽ ₹ 63,18,420/- ചെലവഴിച്ച ഈ പദ്ധതി ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയ ആസ്തിയായതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-14 നഗരസഭ ഫ്രണ്ട് ഓഫീസ് സംവിധാനം നാളിതുവരെ പ്രവർത്തനയോഗ്യമാക്കിയിട്ടില്ല.

തിരൂർ നഗരസഭയുടെ ഓഫീസ് ആധുനികവത്കരണത്തിനായി 2015-16,2016-17 വർഷങ്ങളിലായി ₹30,00000 തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ഫ്രണ്ട് ഓഫീസ് സംവിധാനത്തിനു വേണ്ടി തയ്യാറാക്കിയിരുന്ന റൂം പ്രവർത്തനയോഗ്യമാക്കുവാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല റൂഫും ചുമരും തമ്മിൽ ചേരുന്ന ഭാഗം സീൽ ചെയ്യാത്തതിനാൽ മഴവെള്ളം താഴേക്കിറങ്ങി ഓഫീസ് ഉപകരണങ്ങൾ , റെക്കോഡ്സ് എന്നിവ നാശോന്മുഖമാകുവാനും സാധ്യതയുണ്ട്. ജി.ഓ(ആർ.ടി)നം.1699/2017/എൽ.എസ്.ജി.ഡി തീയ്യതി, തിരുവനന്തപുരം 24.05.2017 ഉത്തരവിലെ ഖ.8.5.2ൽ അനുശാസിക്കുന്നതു പ്രകാരം ഉള്ള ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ നഗരസഭാ ഓഫീസിൽ പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.06/16.10.18)

## 3-15 തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയത് അപാകതകൾ

പ്രൊജക്ട് നം:-S.0 328/18

സ്ട്രീറ്റ് ലൈറ്റ് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് & പർച്ചേയ്സ് ഓഫ് സ്ട്രീറ്റ് ലൈറ്റ്സ്
ബിൽ നം.148/27.02.18 തുക-821589/-
ബിൽ നം.160/21.03,18 തുക-1216083/-
എം.ബുക്ക് നം:-33/11-12

അഗ്രിമെൻറ് നം.88/17-18 തീയ്യതി .15.03.18

കരാറുകാരന്റെ പേര്- രമേഷ് .ഇ, M/S ഇറാൻ അസോസിയേറ്റ്സ്,ബി.പി.അങ്ങാടി.തിരൂർ

1)വർക്ക് പ്രപ്പോസലുകൾ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. വാർഡ് കൗൺസിലർമാർ തങ്ങളുടെ വാർഡുകളിലെ ഏതൊക്കെ കണക്ഷൻ നമ്പറുകളിലാണ് റിപ്പയർ/റീപ്ളെയ്സ്മെൻറ് വർക്ക് നടത്തിയതെന്നും തൃപ്തികരമായി പ്രവർത്തി പൂർത്തീകരിച്ചതെന്നുമാണ് റിപ്പോർട്ട് നല്കേണ്ടത്. വർക്ക്/റീപ്ളെയ്സ്മെന്റിനുള്ള കൗൺസിലർമാരുടെ പ്രൊപ്പോസലുകൾ പ്രവൃത്തി നടത്തുന്നതിന് ലഭ്യമാക്കേണ്ടതാണ്.

2) ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ

കരാർ പ്രകാരം 150000/- രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കാനും 21.9.2017ൽ തുടങ്ങിയ പ്രവർത്തി 20.09.2018ൽ പൂർത്തീകരിക്കുന്നതിനുമായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെ രേഖകളൊന്നും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല, എസ്.ബി.ഐ യുടെ എഫ്.ഡി രസീത് നം അഗ്രിമെന്റിൽ ചേർത്തിട്ടുമില്ല.

2200000 രൂപയ്ക്ക് ഡി.പി.സി അംഗീകാരം , 01/07.06.2017 പ്രകാരം ഭരണാനുമതി എന്നിവ ലഭിച്ച പ്രൊജക്ട് , എസ്റ്റിമേറ്റ് തുകയിൽ നിന്ന് അധികരിച്ചതിനാൽ (618225 രൂപ) 7 ദിവസത്തിനകം ഫർതർ ഡെപ്പോസിറ്റായി (2818225 രൂപയ്ക്ക് ഇ.എം.ഡി) 141000 രൂപയും അടവാക്കാനാവശ്യപ്പെട്ടിരുന്നതാണ്(എ.ഇയുടെ 31.01.2018 ലെ pw1-20975/17 കത്ത് പ്രകാരം). ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. റീടെൻഡർ നടത്താതെ നെഗോസിയേഷൻ നടത്തി 2% മാത്രമാണ് കരാറുകാരൻ കുറച്ചിട്ടുള്ളത്. 14.12.2017ൽ 3-ാം നമ്പർ തീരുമാനമായി ടിയാളുടെ നിരക്ക് അംഗീകരിക്കുകയും അധികരിച്ച തുക (618225 രൂപയ്ക്ക്) പദ്ധതിക്ക് കണ്ടെത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ഈ തുക വകയിരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.കൂടാതെ പ്രവർത്തിയുടെ വിശദമായ സൈറ്റ് പ്ളാൻ, ലൊക്കേഷൻ മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ഇതുമായി ബന്ധപ്പെട്ട് ചെലവഴിച്ച 2037672 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-16 എർത്ത് വർക്ക് എക്സ്കവേഷൻ - കുഴിച്ചെടുത്ത മണ്ണിന്റെ വിവരം ലഭ്യമല്ല

പ്രൊജക്ട് നം. S0041/18(old), S0153/17(പുതിയത്)

നിർവ്വഹണോദ്യോഗസ്ഥൻ – നഗരസഭ എഞ്ചിനിയർ

പ്രവൃത്തിയുടെ പേര് - വെള്ളത്തൂർ അച്ചുട്ടി റോഡ് റീടാറിംഗ്

അടങ്കൽത്തുക – 1100000 രൂപ

കോൺട്രാക്ടറുടെ പേര് - പുരുഷോത്തമൻ .പി

എം.ബുക്ക് നം - 05/2015-16(പേജ്01 മുതൽ 31 വരെ),

- 02/2016-17(പേജ്01 മുതൽ 3 വരെ)

തുക നൽകിയത് - ബാങ്ക് അക്കൗണ്ട് നം 67391242107

IFSC CODE-SBIN0000262

അഗ്രിമെന്റ് നം - 53/16-17, തീയ്യതി 17.02.2017

കരാർ തുക – 765844/-(ഐറ്റം റേറ്റ്)
ബിൽ നം – 68/16.09.2017 തുക – 711473/-
പ്രവൃത്തി ആരംഭിച്ച തീയ്യതി - 17.02.2017

അഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി - 16.05.2017

പൂർത്തീകരിച്ച തീയ്യതി - 29.05.2017

മേൽപ്പറഞ്ഞ പ്രവർത്തിക്കായി ഐറ്റം നമ്പർ 1പ്രകാരം റോഡിന് റീടാറിംഗിന് മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ക്യൂബിക്ക് മീറ്ററിന് 53.41 രൂപ നിരക്കിൽ 141.39 ക്യൂബിക്ക് മീറ്ററിന് 7551.64 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയത് നീക്കം ചെയ്തതന്റെയും ഉപയോഗിച്ചതിന്റേയും വിവരം ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 7,45,520/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 ഓൾഡ് പോസ്റ്റോഫീസ് റോഡ് പുനരുദ്ധാരണം-അപാകതകൾ

പി.ഡബ്ല്യൂ2-17162/17

ഓൾഡ് പോസ്റ്റോഫീസ് റോഡ് പുനരുദ്ധാരണം

SO 250/18

കരാറുകാരൻ - പി.യൂസഫ്,പൂഴിത്തറ വീട്, പയ്യങ്ങാടി,തിരൂർ,മലപ്പുറം.

പ്രാഥമിക കരാർ ചമച്ചത്-28.10.2017

കരാർ നം/തീയ്യതി-46/17-18 13.12.2017

ബിൽ നം/തീയ്യതി-211/28.03.18 തുക – 21551/-

ബിൽ നം/തീയ്യതി-231/31.03.18 തുക – 228238/-

ബിൽ നം/തീയ്യതി-198/26.03.18 തുക – 39833/-

ബിൽ നം/തീയ്യതി-213/27.03.18 തുക – 2043/-(ടാർ വാങ്ങൽ)

മേൽപ്പറഞ്ഞ പ്രകാരം നിലവിലുള്ള ബി.ടി റോഡ് നിർമ്മാണത്തിനായി (10200മീ) പൊളിച്ച് മാറ്റി ടാറിംഗ് ചെയ്ത് ഉയർത്തി പ്രവർത്തി ചെയ്തിട്ടുണ്ട്. 305 മീറ്ററിൽ പ്ളാസ്റ്റിക് മിക്സ് ഉപയോഗിച്ചാണ് പ്രവർത്തി ചെയ്തിട്ടുള്ളത്. ഐറ്റം നം.75.5.9.2.2.Pa പ്ളാസ്റ്റിക് റോഡ്സ് ബിറ്റുമിൻ S-45 ഐറ്റം നമ്പറായുള്ള പ്രവർത്തിയിൽ 7% ആണ് ചേർത്തു പ്രവർത്തി ചെയ്തിട്ടുള്ളത്. എന്നാൽ ഷ്രെഡ്ഡഡ് പ്ളാസ്റ്റിക് വാങ്ങിയതിന്റെ രേഖകളൊന്നും ഫയലിൽ കാണുന്നില്ല. പ്ളാസ്റ്റിക് ഉപയോഗിച്ച് നടത്തിയ നിർമ്മാണത്തിനായി തുകയിൽ (DSR പ്രകാരമുള്ള തുകയിൽ) കുറവ് വരുത്തിയിട്ടുണ്ടോ?സ.ഉ(സാ.ധാ.) നം.3119/2016 ത.സ്വ.ഭ.വ. തിരുവനന്തപുരം തീ.17.11.16 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാണോ പ്രവർത്തിക്കായി പ്ളാസ്റ്റിക് വാങ്ങിയിട്ടുള്ളത്? മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ആവശ്യമായ രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടി പരിശോധിച്ചു. (ഓഡിറ്റ് എൻക്വയറി നം.35/29.12.18 നമ്പർ 29-12-18ലെ എ.ഇ നല്കിയ മറുപടി) വാങ്ങാൻ ക്ളീൻ കേരള കമ്പനിയുടെ തിരൂർ യൂണിറ്റിൽ നിന്ന് 117.76 കി.ഗ്രാം ഷ്രെഡ്ഡഡ് പ്ളാസ്റ്റിക് കൈമാറുന്നതിന് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ
നഗരസഭാ സെക്രട്ടറിക്ക് 24.03.2018ൽ അയച്ച കത്തിന്റെ പകർപ്പ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്ളാസ്റ്റിക് വാങ്ങിയതിന്റെ രേഖകളോ മേലുത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതു പോലെ ഗുണനിലവാരം ഉറപ്പു വരുത്തി സ്റ്റോക്കിലെടുത്തു വിതരണം നടത്തിയതിന്റെയോ വിവരം ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത പ്രവൃത്തിക്ക് (ഐറ്റം നമ്പർ 75.5.9.2.2Pa) ചെലവഴിച്ച തുക₹ 1,79,751തടസ്സത്തിൽവെക്കുന്നു.

## 3-18 ഫയർ സ്റ്റേഷൻ റോഡ് നിർമ്മാണം- ആസ്തി സംബന്ധിച്ച റവന്യൂ രേഖകൾ കാലികമാക്കാത്തതിലെ അപാകതകൾ

കല്ലുവെട്ടുകുഴി ജില്ലാ മെഡിക്കൽ സ്റ്റോർ റോഡ് റീടാറിംഗ്

ഫയൽ നം - പി.ഡബ്ള്യൂ2-4177/17

പ്രോജക്റ്റ് നം - SO332/17

കരാർ നം 109/16-17

കരാറുകാരൻ-ബാലകൃഷ്ണൻ.ടി,തൊട്ടിയാട്ടിൽ ഹൗസ് ,മുത്തൂർ, തിരൂർ.

നിർവ്വഹണോദ്യോഗസ്ഥൻ-നഗരസഭ എൻജിനിയർ

എസ്റ്റിമേറ്റ് തുക-160379 രൂപ

പ്രൊജക്റ്റ് നം - 139/18

അടങ്കൽത്തുക-160379/-

37-ആം വാർഡിലെ ഫയർ സ്റ്റേഷൻ ഓഫീസ് സ്ഥിതി ചെയ്യുന്നതും ഫയർ & റെസ്ക്യൂ വകുപ്പിന് അനുവദിച്ച് കിട്ടിയതുമായ ഭൂമിയിലൂടെയുള്ള റോഡ് ഉപയോഗം സംബന്ധിച്ച് പ്രദേശവാസികളും ഫയർ സ്റ്റേഷൻ അധികാരികളും തമ്മിലുള്ള തർക്കത്തെത്തുടർന്ന് 26.09.2015 ൽ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടാതെ തൽസ്ഥിതി തുടരാനും വാഹനത്തിന് പോകാനുള്ള വീതിയിൽ ടാർ റോഡ് നിർമ്മിക്കുന്നതിനും ഫെൻസിംഗ് ചെയ്യുന്നതിനും 30.09.2015ലെ 2-ആം നമ്പറായുള്ള തീരുമാനത്താൽ നഗരസഭ തീരുമാനമെടുത്തിട്ടുണ്ട്. ഫയർ സ്റ്റേഷന് തടസ്സമാകാത്ത രീതിയിൽ ഫെൻസിംഗ് ചെയ്യുന്നതിനും നിലവിലുള്ള ടാർ റോഡ് റീടാറിംഗ് ചെയ്യുന്നതിനും സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് 27/3.2.2016 കൗൺസിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ആസ്തി രജിസ്റ്റർ പ്രകാരം 2003 ലാണ് ടി റോഡിന്റെ നിർമ്മാണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. 29.03.2017ലെ 2-ആം നമ്പർ തീരുമാനമനുസരിച്ച് കരാറുകാരന് നല്കിയതിനെത്തുടർന്ന് 31.03.17ന് സ്ഥലം കൈമാറിയെങ്കിലും പ്രവർത്തി തടസ്സപ്പെടുകയും ഫയർ സ്റ്റേഷൻ അധികാരികൾ തിരൂർ മുൻസിഫ് കോടതിയിൽ കേസ് ഫയൽ (IA 1148/14/OS 238/14ചെയ്തതിനെത്തുടർന്ന് പ്രവർത്തി നിർത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്. കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 20.11.2017ൽ നഗരസഭാ സെക്രട്ടറി തിരൂർ തഹസിൽദാർക്ക് അയച്ച കത്തിൽ . ഫയർ സ്റ്റേഷൻ റോഡ് നിർമ്മിക്കുന്നതിനായി നാളിതു വരെ 140000 രൂപ ചെലവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനം സ്വന്തം ഭൂമിയിലല്ലാതെ നിർമ്മാണ പ്രവൃത്തികൾ നടത്താൻ പാടുള്ളതല്ല.(29.03.2017ലെ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ. നമ്പറായുള്ള പദ്ധതി മാർഗ്ഗരേഖ ഈ പ്രവത്തിക്കായി ചെലവഴിച്ച ₹1,40,000 യുടെ നഷ്ടം ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. മേലിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തി മാത്രം നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.41/29.12.2018)

## 3-19 വാട്ടർ അതോറിറ്റിക്ക് നല്കിയ ഡെപ്പോസിറ്റ് തുകകളുടെ കൈപ്പറ്റ് , വിനിയോഗസാക്ഷ്യപത്രം എന്നിവയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

നഗരസഭയിലെ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കലുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിക്ക് നല്കിയ ഡെപ്പോസിറ്റ് തുകകളുടെ കൈപ്പറ്റ് , വിനിയോഗസാക്ഷ്യപത്രം എന്നിവയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല. താഴെപ്പറയും പ്രകാരം നഗരസഭാ പ്രദേശത്തെ പൈപ്പ് ലൈൻ സ്ഥാപിക്കൽ, ദീർഘിപ്പിക്കൽ എന്നീ പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിക്ക് 2017-18 വർഷം ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് , വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

1. പ്രോജക്റ്റ് നം - S0 122/18

നിർവ്വഹണോദ്യോഗസ്ഥൻ - നഗരസഭ എൻജിനിയർ

ധനകാര്യകമ്മീഷൻ ഗ്രാന്റ് - അടങ്കൽത്തുക-251122/-

ബിൽ നം.37/30.06.2017.

തുക -251122/-

2.പ്രോജക്റ്റ് നം - S0 301/18

നിർവ്വഹണോദ്യോഗസ്ഥൻ - നഗരസഭ എൻജിനിയർ

ധനകാര്യകമ്മീഷൻ ഗ്രാന്റ് - അടങ്കൽത്തുക-3000000

ബിൽ നം.159/20.03.2018

തുക – 3000000/-

## 3-20 മോർഡ് സ്പെസിഫിക്കേഷനിലുള്ള ബിറ്റുമിൻ ഉപയോഗപ്പെടുത്തിയില്ല-റീടാറിംഗിൽ നഷ്ടം

ഫയൽ നം-പി.ഡബ്ല്യൂ2-23467/16

തിരൂർ നഗരസഭയിലെ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 126 ബാരൽ(20386.80 കി.ഗ്രാം)(16.01.2018 ലെ തീരുമാനം നം.5) ബിറ്റുമിൻ ബാലൻസ് സ്റ്റോക്കുള്ളതിനാൽ വാർഷിക പദ്ധതിയിലെ പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിന് അനുവാദം നേടുന്ന വിഷയം കൗൺസിലിൽ പരിഗണനയ്ക്കു വച്ചിട്ടുണ്ട്. (17.11.2017ലെ മുനിസിപ്പൽ എൻജിനിയറുടെ നോട്ട്). നഗരസഭയിലെ നിലവിലുള്ള ബിറ്റുമിൻ VG10 ഗ്രേഡിലുള്ളതായിരുന്നു. നിലവിൽ MORD സ്പെസിഫിക്കേഷൻ പ്രകാരം VG30 ഗ്രേഡിലുള്ള ബിറ്റുമിൻ ആയിരുന്നു ഉപയോഗിക്കുന്നതിന് അനുവാദമുള്ളത്. VG10 ഗ്രേഡിലുള്ള ബിറ്റുമിൻ ഉപയോഗിക്കുന്നതിന് സർക്കാരിന്റെ അനുവാദത്തിന് കത്തെഴുതുന്നതിന് തീരുമാനിച്ചിരുന്നു. 30.03.2018 ലെ നം.124/ഡി.സി3/2018/ത.സ്വ.ഭ.വ കത്ത് പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം VG-10 ബിറ്റുമിൻ ടാറിംഗ് പ്രവർത്തികൾക്ക് tack coat ആയി ഉപയോഗിക്കുന്നതിന് ആണ് അനുവാദം നൽകിയിരുന്നത്. ഓഡിറ്റ് എൻക്വയറി നം.32/21.12.2018 ന് 29.12.2018ൽ നല്കിയ മറുപടി പ്രകാരം 2018-19 വർഷം നഗരസഭയിലെ പ്രവർത്തികൾക്ക് VG-10 ബിറ്റുമിനാണ് ടാറിംഗ് പ്രവർത്തികൾക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. എന്നാൽ MORD സ്പെസിഫിക്കേഷൻ പ്രകാരം VG10-VG30 വരെയുള്ള സ്പെസിഫിക്കേഷനിലുള്ള ബിറ്റുമിനാണ് പ്രവർത്തികൾക്ക് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ seal coat പ്രവർത്തികൾക്ക് VG30 ഗ്രേഡിലുള്ള ബിറ്റുമിനാണ് ഉചിതമായുള്ളത്. ഇത് ഉപയോഗിച്ച് ബ്ലാക്ക് ടോപ്പ് നിർമ്മിക്കാത്തതു കാരണം മഴ പെയ്തതിനെത്തുടർന്ന് ആവശ്യമായ ബ്ളീഡിംഗ് ലഭിക്കാതെ വരുകയും റോഡ് പൊട്ടിപ്പൊളിഞ്ഞു പോവുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തിരൂർ നഗരസഭയിലെ വാർഡ് നം 37 ലെ ടി,ബി,റോഡ് റീടാറിംഗിനെത്തുടർന്ന് കേട്ടു വരുകയും വ്യാപകമായി പൊതുജനങ്ങളിൽ നിന്ന് പരാതിക്കിടയാക്കുകയും ചെയ്തിട്ടുണ്ട്. ഉയർന്ന ഗ്രേഡിലുള്ള ബിറ്റുമിൻ തന്നെ ഉപയോഗപ്പെടുത്തി പ്രസ്തുത പ്രവർത്തികൾ ചെയ്യേണ്ടതാണ്. ഈ വിഷയം നഗരസഭാ അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.32/21.12.2018)നഗരസഭ ബിറ്റുമിൻ വാങ്ങി കൊടുക്കുന്നതിനാൽ ഈ പ്രവൃത്തിയിൽ നഷ്ടമുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. നഷ്ടം കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-21** മൽസ്യ-മാംസ മാർക്കറ്റിലെ ദ്രവമാലിന്യശുദ്ധീകരണപ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

നഗരസഭയിലെ മൽസ്യ-മാംസ മൊത്തവിതരണ മാർക്കറ്റിൽ ദ്രവമാലിന്യങ്ങൾ ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനായി 2014-15 വർഷം 127/15 നമ്പർ പ്രൊജക്ട് പ്രകാരം പ്രവൃത്തി ഏറ്റെടുത്തിരുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റും ശുചിത്വമിഷൻ വിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തത്. ടെണ്ടറിൽ കുറഞ്ഞ തുകയായ ₹ 24,85,000/- ക്വോട്ട് ചെയ്ത പെൻഗ്വൻ എഞ്ചിനീയറിംഗ് ആന്റ് കോൺട്രാക്ടിംഗ് കമ്പനിയുമായി നെഗോഷ്യേറ്റ് ചെയ്യുകയും പ്രസ്തുത കമ്പനി ₹ 23,70,800 ക്ക് പ്രവൃത്തി ചെയ്യാൻ തയ്യാറാണെന്ന് സമ്മതിച്ചതിനെത്തുടർന്ന് ശുചിത്വകമ്മീഷന്റെ അനുമതിയോടെ പ്രവൃത്തി നടത്തുന്നതിനായി പ്രസ്തുത കമ്പനിക്ക് സാങ്കേതികാനുമതി നൽകി. പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി 25.04.2015 ൽ പ്ലാന്റ് കമ്മീഷൻ ചെയ്തെന്ന് പെൻഗ്വൻ എഞ്ചിനീയറിംഗ് ആന്റ് കോൺട്രാക്ടിംഗ് കമ്പനിയുടെ പ്രൊജക്ട് മാനേജരുടെ 08.05.2015ലെ PEN/3789-4/2015-16 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പദ്ധതിച്ചെലവിന്റെ 40% തുക ശുചിത്വമിഷനിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 12.05.2014ലെ 1170/ജി/2014/എസ്.എം. നമ്പർ സാങ്കേതിക അനുമതി പ്രകാരം അറിയിച്ചിട്ടുണ്ട്.

പ്ലാന്റിന്റെ നിർമ്മാണച്ചെലവായി ₹ 15,00,000/- പെൻഗ്വൻ കമ്പനിക്ക് 2014-15 വർഷത്തിൽ നാലു ബില്ലുകളിലായി ( ബിൽ നമ്പരുകൾ 44/2014-15, 79/2014-15, 142/2014-15, 171/2014-15) അനുവദിച്ചിരുന്നു. കമ്പനിക്ക് നൽകാനുള്ള അവശേഷിക്കുന്ന തുക ശുചിത്വമിഷനിൽ നിന്നുള്ള തുക ലഭിക്കുന്നതിനനുസരിച്ച് നൽകാമെന്നാണ് നഗരസഭ തീരുമാനിച്ചിരുന്നത്. 15.03.2018ലെ 1170/ജി/2014/എസ്.എം. നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ നാൽപത് ശതമാനം തുകയായ ₹ 9,48,320/- ശുചിത്വമിഷൻ അനുവദിക്കുകയും മിഷൻ ജില്ലാ കോഡിനേറ്ററുടെ 23.03.2018ലെ 070/2012/ഡി.എസ്.എം നമ്പർ ഉത്തരവ് പ്രകാരം തുക നഗരസഭക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ശുചിത്വമിഷനിൽ നിന്നുള്ള തുക 23.03.2018ൽ ലഭിച്ചിട്ടുണ്ടെങ്കിലും പെൻഗ്വൻ കമ്പനിക്ക് നൽകാൻ അവശേഷിച്ചിരുന്ന തുക അനുവദിച്ചത് സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

29.06.2016ൽ പെൻഗ്വൻ എഞ്ചിനീയറിംഗ് കമ്പനി നഗരസഭക്ക് നൽകിയ കത്തിൽ പ്ലാന്റിന്റെ നടത്തിപ്പ് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്ലാന്റിന്റെ ശുദ്ധീകരണശേഷി മണിക്കൂറിൽ 1000 ലിറ്റർ ആയതിനാൽ നിലവിൽ 12000 ലിറ്റർ മലിനജലം ശുദ്ധീകരിക്കേണ്ടതുള്ളതിനാൽ 12 മണിക്കൂർ സമയം പ്ലാന്റിന്റെ പ്രവർത്തനം ഉറപ്പുവരുത്തണം. നിലവിൽ രാവിലെ 7 മണി മുതൽ 11 മണി വരെയും ഉച്ചക്ക് ശേഷം ഒരു മണി മുതൽ അഞ്ചു മണി വരെയും പ്ലാന്റ് പ്രവർത്തിപ്പിക്കുന്നത് രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ഏഴ് മണി വരെ ആക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഒരു ഐ.ടി.ഐ. യോഗ്യതയുള്ള പരിചയസമ്പന്നനായ ഓപ്പറേറ്ററെ നിയോഗിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതോടൊപ്പം ₹ 3,60,000/- രൂപയുടെ AMCക്കുള്ള പ്രൊപ്പോസലും കമ്പനി സമർപ്പിച്ചിരുന്നു.

07.10.2017ൽ നഗരസഭ ചെയർമാന്റെ അധ്യക്ഷതയിൽ പെൻഗ്വൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തീരുമാനങ്ങളെടുത്തിരുന്നു. ആഴ്ചയിൽ ഒരു ദിവസമെങ്കിലും പെൻഗ്വൻ പ്രതിനിധി പ്രവർത്തനം പരിശോധിക്കണം, നഗരസഭയിലെ 3 തൊഴിലാളികൾക്ക് വിദഗ്ദപരിശീലനം, ശുദ്ധീകരിച്ച വെള്ളം പൊതുജനം ഉപയോഗിക്കുന്നതിനാൽ ആയതിലേക്കായി ടാങ്ക് കമ്പനി നൽകണം, പ്ലാന്റിലേക്ക് വരുന്ന മൽസ്യത്തിന്റെയും കോഴിയുടെയും കൊഴുപ്പുകളും ചണ്ടികളും തടയുന്നതിനു വേണ്ട ഫിൽട്ടർ ടാങ്ക് കമ്പനി സ്വമേധയാ കെട്ടണം, നിലവിലുള്ള സ്ഥിതി മാറിയാൽ ഡെപ്പോസിറ്റിൽ നിന്നും 50% തുക റിലീസ് ചെയ്യാം തുടങ്ങിയവയായിരുന്നു തീരുമാനങ്ങൾ.

ഓഡിറ്റ് സംഘം നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരോടൊപ്പം 29.11.2018 ന് 1PMന് നടത്തിയ ഭൗതികപരിശോധനയിൽ പ്ലാന്റിലേക്ക് മലിനജലം ഒഴുകിവരുന്ന ഓടകളിൽ മാലിന്യം കെട്ടിക്കിടക്കുന്നതായാണ് കണ്ടത്. സ്വാഭാവികമായി പ്ലാന്റിലേക്ക് മലിനജലം ഒഴുകി എത്തുന്നതിൽ തടസമുണ്ട്. കെട്ടിക്കിടക്കുന്ന മലിനജലം തുറന്നുകിടക്കുന്നത് ആരോഗ്യപ്രശ്നങ്ങൾക്കും കാരണമായേക്കാം. മാലിന്യപ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നാണ് പരിശോധനയിൽ നിന്നും ബോധ്യമാകുന്നത്.

പ്ലാന്റിന്റെ AMC സംബന്ധിച്ചുള്ള വിശദാംശങ്ങൾ, നിലവിൽ പ്ലാന്റ് എത്ര സമയം പ്രവർത്തിപ്പിക്കുന്നുണ്ടെന്നും പ്രതിദിനമുള്ള മലിനജലം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, പെന്റഗൺ കമ്പനി നഗരസഭയുമായി ഏർപ്പെട്ട കരാറിലും പിന്നീട് നഗരസഭ ചെയർമാന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലും തീരുമാനിച്ചതു പ്രകാരം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് നഗരസഭയിലെ ജീവനക്കാർക്ക് കമ്പനി നൽകിയ പരിശീലനം സംബന്ധിച്ച വിവരങ്ങൾ, കമ്പനി പരിശീലനം നൽകിയ ജീവനക്കാർ തന്നെയാണോ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നത് എന്നീ വിവരങ്ങൾ അറിയിക്കേണ്ടതാണെന്ന് 27.12.2018ലെ ഓഡിറ്റ് എൻക്വയറി നം. 34/2017-18 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ, എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കൽ 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30 (1) വകുപ്പ് പ്രകാരമുള്ള അനിവാര്യചുമതലകളിൽ ഉൾപ്പെട്ടതാണ്. ₹ 23,70,800/- ചെലവഴിച്ച് പൂർത്തിയാക്കിയ ഈ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടതുണ്ട്. ദ്രവമാലിന്യങ്ങൾ കെട്ടിക്കിടന്ന് പരിസരമലിനീകരണം സൃഷ്ടിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. സ്വാഭാവികമായി പ്ലാന്റിലേക്ക് മലിനജലം ഒഴുകി എത്തുന്നതിൽ തടസങ്ങളുണ്ടെങ്കിൽ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രതിദിനമുള്ള മലിനജലം സംബന്ധിച്ച് പരിശോധന നടത്തുകയും അതിനനുസൃതമായി പ്ലാന്റിന്റെ പ്രവർത്തനസമയം ക്രമീകരിക്കേണ്ടതുമാണ്. കമ്പനി പരിശീലനം നൽകിയ ജീവനക്കാരെ ഉപയോഗിച്ച് കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതും പ്ലാന്റിന്റെ പ്രവർത്തനം പരിശീലനം ലഭിച്ചവർ തന്നെയാണ് മേൽനോട്ടം വഹിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | KWA | വിവിധ വാർഡുകളിൽ വാട്ടർ ലൈൻ സ്ഥാപിക്കൽ | Bill No. 66 Dtd. 30-06-2017 | 2,51,122 | 2,51,122 |
| 2 | KWA | ,, | Bill No. 304 Dtd. 17-03-18 | 30,00,000 | 30,00,000 |
| 3 | KSEB | | Bill No. 253 Dtd. 27-02-18 Bill No. 63 | 8,70,628 | 8,63,793 |

| | | | | | |
|---|---|---|---|---|---|
| | | | Dtd. 30-06-17<br>Bill No. 64<br>Dtd. 30-6-17<br>Bill No. 243<br>Dated 21-02-18 | | |
| 4 | KSEB | | Bill. 424<br>Dated 27-03-18 | 15,00,000 | 10,15,369 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം./തീയതി | തുക (₹) | അഡ്ജസ്റ്റ് ചെയ്തത് (₹) |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.

വാർഷികകണക്കിലെ ബാലൻസ് ഷീറ്റിലെ ബി5 ഷെഡ്യൂളിൽ Loans under I.D.S.M.T - 99,000/- രൂപ എന്ന ഇനം ഈ വർഷവും ഉൾപ്പടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | - | ₹ | 1,47,14,384 |
| തൻവർഷം നിക്ഷേപിച്ച തുക | - | ₹ | ഇല്ല |
| ആകെ | - | ₹ | 1,47,14,384 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | ₹ | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | - | ₹ | 1,47,14,384 |

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് പ്രകാരം ₹ 1,39,00,872/- ആണ് വർഷാവസാനമുള്ള സ്ഥിരനിക്ഷേപം. രജിസ്റ്റർ പ്രകാരമുള്ളതിൽ നിന്നുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

ബാങ്ക് നിക്ഷേപങ്ങളായി ധനലക്ഷ്മി ബാങ്കിലെ രണ്ട് നിക്ഷേപങ്ങളാണ് ഉള്ളത്. ഈ നിക്ഷേപങ്ങളിൽ മെച്യൂരിറ്റി

വാല്യു 42,65,870/- രൂപയുടെ 686286 നം. നിക്ഷേപം 29-10-2016നം മെച്യൂരിറ്റി വാല്യു 63,64,883/- രൂപയുടെ 742304 നം. നിക്ഷേപം 28-02-2017നം കാലാവധി പൂർത്തിയായതാണ്. എന്നാൽ, ഈ നിക്ഷേപങ്ങൾ നാളിതുവരെ കാലാവധി പുതുക്കി നിക്ഷേപിച്ചിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക (₹) |
|---|---|
| കേരള മർമ്മ ആയുർവേദിക് കോ-ഓപ് ഫാർമസി | 100 |
| കെ.എസ്.ഇ.ബി. | 28,031 |
| കെ.യു.ആർ.ഡി.എഫ്.സി. | 35,000 |
| എം.ഡി.സി.സ്പിന്നിംഗ് മിൽ | 5,000 |
| ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം | 500 |
| ആർടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 10000 |
| എം.ഡി.സി.ഹോസ്പിറ്റൽ | 5000 |
| ബാങ്ക് നിക്ഷേപം | 1,06,30,753 |
| ഇക്വിറ്റി ഷെയർ | 40,00,000 |
| ആകെ | 1,47,14,384 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ( ₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയ്യതി |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|---|---|
| 2000-2001 | 61 | 2004-2005 | 91 | കാർഷിക യന്ത്രവൽക്കരണം- ട്രാക്ടർ ദുരുപയോഗം ചെയ്തു |
| 2001-2002 | 3 (61) | 2006-2007 | 4.23.3 | 3 നിർമ്മാണ പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമാക്കാത്തത്. |
| 2001-2002 | 3 (61) | 2006-2007 | 4.23.3 | തെക്കുമുറി ജി.എൽ.പി.എസ്. കെട്ടിട നിർമ്മാണം |
| 2001-2002 | 3(61) | 2006-2007 | 4.23.3 | താലൂക്ക് ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി മൊബിലൈസേ |

| | | | | |
|---|---|---|---|---|
| | | | | -ഷൻ അഡ്വാൻസ്. |
| 2009-2010<br>2010-2011 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-2012 | 3.1.9 | കേരകൃഷി |
| - | മുന്നറിയിപ്പില്ലാതെ നടത്തിയ പരിശോധന. | 2013-2014 | 5.3.5-3.6 | വനിത വ്യവസായ കേന്ദ്രം നിഷ്ക്രിയമായിരിക്കുന്നത്. |
| - | -ടി- | 2013-2014 | 5.3.5-10 | മൈക്രോ സംരംഭകർക്ക് സഹായം ലഭ്യമാക്കാത്തത്. |
| 2011-2012 | പ്രത്യേക ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് | 2014-2015 | അദ്ധ്യായം 2 | നഗരസഭകളുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയ ബന്ധിതമായി തുടർനടപടികളില്ല |
| 2011-2012 | | 2015-16 | 4.2.4 | അപേക്ഷകളിൽ നടത്തുന്ന പരിശോധനയും അന്വേഷണവും കാര്യക്ഷമമല്ല. |
| 2014-15 | 3-19 മുതൽ 3-28 വരെ | 2015-16 | 4-2-4 | വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കൽ |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഒദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് നമ്പർ | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തിയ്യതി ) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | |
|---|---|
| | -ഇല്ല- |

ബി) സർച്ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഒദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് നമ്പർ | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തിയ്യതി ) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | -ഇല്ല- | | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 27,08,89,742 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 25,45,02,491 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 21,08,829 |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ/ അംഗീകരിക്കാത്ത തുക | 58,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,00,62,767 |

ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 89,050 | | വിനു. സി. കുഞ്ഞപ്പൻ നഗരസഭ സെക്രട്ടറി |
| 2-3 | 20,19,779 | | വിനു. സി. കുഞ്ഞപ്പൻ നഗരസഭ സെക്രട്ടറി |
| 3-8 | | 58,000 | ശ്രീ. അനിൽകുമാർ ഹെഡ് മാസ്റ്റർ |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 48,212 | വിനു. സി. കുഞ്ഞപ്പൻ<br>നഗരസഭ സെക്രട്ടറി |
| 3-2 | 16,500 | 13,500 -ശ്രീമതി. രേണുക(സെക്രട്ടറി ഇൻ ചാർജ്)<br>3,000- വിനു. സി. കുഞ്ഞപ്പൻ,നഗരസഭ സെക്രട്ടറി |
| 3-3 | 25,000 | ശ്രീമതി. രേണുക (സെക്രട്ടറി ഇൻ ചാർജ്) |
| 3-5 | 24,07,765 | വിനു. സി. കുഞ്ഞപ്പൻ,നഗരസഭ സെക്രട്ടറി |
| 3-6 | 2,50,000 | വിനു. സി. കുഞ്ഞപ്പൻ,നഗരസഭ സെക്രട്ടറി |
| 3-7 | 14,225 | ശ്രീ. അബ്ദുൽ റഷീദ്, കൃഷി ഓഫീസർ |
| 3-8 | 87,000 | ശ്രീ. അനിൽകുമാർ, ഹെഡ് മാസ്റ്റർ |
| 3-9 | 10,00,000 | ശ്രീ. രാജീവൻ. ഐ.വി, പ്രോജക്ട് ഓഫീസർ. |
| 3-15 | 20,37,672 | ശ്രീ.മണികണ്ഠകുമാർ.ടി., അസി.എക്സി.എഞ്ചിനീയർ |
| 3-16 | 7,45,520 | ശ്രീ.മണികണ്ഠകുമാർ.ടി.,അസി.എക്സി.എഞ്ചിനീയർ |
| 3-17 | 1,79,751 | ശ്രീ.മണികണ്ഠകുമാർ.ടി.,അസി.എക്സി.എഞ്ചിനീയർ |
| 3-19 | 32,51,122 | ശ്രീ.മണികണ്ഠകുമാർ.ടി.,അസി.എക്സി.എഞ്ചിനീയർ |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

-ഇല്ല-

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിനു. സി. കുഞ്ഞപ്പൻ നഗരസഭ സെക്രട്ടറി | അഡീ.സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | ചീനിക്കുഴിയിൽ(ഹൗസ്) അശോകപുരം, റോസ് ഗാർഡൻ, ഫസ്റ്റ് ലൈൻ, ആലുവ. |
| ശ്രീ.അനിൽകുമാർ ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ ജി.എം.യു.പി. സ്കൂൾ, തിരൂർ. | കെ.എം. ഹൗസ്, പുതുപ്പള്ളി. പി.ഒ., പുറത്തൂർ. |

| | | |
|---|---|---|
| | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽ.എഫ്.എം4/343/2003 തീയ്യതി 13.08.2004 | 30 |
| 2001-2002 | എൽ.എഫ്.എം18/1121/2009 തീയ്യതി 18.07.2009/12.08.2009 | 76 |
| 2002-2003 (വരവ്) | എൽ.എഫ്.എം14/1313/2006 തീയ്യതി 13.11.2003 | 20 |
| 2002-2003 (ചെലവ്) | എൽ.എഫ്.എം4/1343/2005 തീയ്യതി 02.03.2007 | 27 |
| 2003-2004 | എൽ.എഫ്.എം18/273/2007 തീയ്യതി 20.03.2007 | 39 |
| 2004-2005 | എൽ.എഫ്.എം18/273/2007 തീയ്യതി 20.03.2007 | 29 |
| 2005-2006 | എൽ.എഫ്.ടി.എം1/31/2010 തീയ്യതി 02.05.2011 | 34 |
| 2006-2007 | എൽ.എഫ്.ടി.എം1/32/2010 തീയ്യതി 27.06.2011 | 22 |
| 2007-2008 | എൽ.എഫ്.ടി.എം1/33/2010 തീയ്യതി 18.09.2011 | 20 |
| 2008-2009 | എൽ.എഫ്.ടി.എം2/90/2011 തീയ്യതി 06.10.2012 | 21 |
| 2009-2010 | എൽ.എഫ്.ടി.എം2/145/2013 തീയ്യതി 09.05.2013 | 13 |
| 2010-2011 | എൽ.എഫ്.ടി.എം2/356/2012 തീയ്യതി 19.08.2013 | 48 |
| 2011-2012 | എൽ.എഫ്.ടി.എം2/489/2014 തീയ്യതി 27.02.2015 | 35 |
| 2012-2013 | എൽ.എഫ്.ടി.എം.2/171/2015 തീയ്യതി 03.05.2018 | 27 |
| 2013-2014 | കെ.എസ്.എ.ടി.ആർ.എം2/230/2016 തി. 22.10.2018 | 41 |
| 2014-2015 | കെ.എസ്.എ.ടി.ആർ.എം2/171/2016 തി. 27.06.2016 | 29 |
| 2015-2016 | കെ.എസ്.എ.ടി.ആർ.എം2/20/2017 തി. 08.02.2017 | 25 |
| 2016-17 | കെ.എസ്.എ.ടി.ആർ.എം2/326/2017 തി. 21.06.2018 | 17 |

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22-05-2018ലെ (സാധാ) 1413/2018 ലെ തസ്വഭവ. നമ്പർ

സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരൂർ നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം-2

## 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. 2017-18 വർഷത്തെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ തുകയും പാസ് ബുക്കിലെ തുകയും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. ടി വ്യത്യാസത്തിന്റെ റീകൺസിലിയേഷൻ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ടിന്റെ പേര് | തുക | ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള തുക |
|---|---|---|---|
| 1 | എസ്.ബി.ടി (തനത് ഫണ്ട്) 5700 352 3639 | 2,05,97,116.28 | 1,96,84,824.33 |
| 2 | കനറാ ബാങ്ക് (ഐ.എച്ച്.എസ്.ഡി.പി.) 080 010 109 2512 | 83,60,437 | 83,70,437 |
| 3 | എസ്.ബി.റ്റി. (ഇ.പി.എഫ്.) 673 274 177 99 | 1,06,537 | 15,867.5 |
| 4 | ടി.എസ്.ബി. (തനത് ഫണ്ട്) | 2,20,891 | 2,70,891 |
| 5 | ട്രഷറി പെൻഷൻ റഗുലർ-ടി.പി.എ-321 | 20,173 | 15,867 |
| 6 | പഞ്ചാബ് നാഷണൽ ബാങ്ക് (അയ്യങ്കാളി) 435 600 010 010 4237 | 10,48,531 | 13,60,784 |
| 7 | ധനലക്ഷ്മി ബാങ്ക് 100 104 960 | 12,45,605 | 12,52,605 |
| 8 | തിരൂർ സർവ്വീസ് സഹകരണ ബാങ്ക് A/c 4250 | 9,714 | 22,214 |
| 9 | എസ്.ബി.ടി. (Nutrition Fund) 673 518332 42 | 10,13,770 | 15,09,192 |

2. വസ്തുനികുതി വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള താഴെ പറയുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| വസ്തുനികുതി റിസീവബിൾ ( | 2,03,88,014 |

| | |
|---|---|
| കറന്റ്) | |
| വസ്തു നികുതി റിസീവബിൾ (അരിയർ) | 48,57,309 |

3. അക്രൂവൽ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യുന്ന നികുതികളായ വസ്തു നികുതി, വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി, പരസ്യ നികുതി, ലീസ് ഓൺ ലാൻഡ് എന്നിവ RP1 മുതൽ RP5 വരെ ഷെഡ്യൂളുകളിൽ വരവായി ഉൾപ്പെടുത്താൻ പാടില്ല. 2017-18 ലെ വാർഷിക ധനകാര്യ പത്രിക RP1 ഷെഡ്യൂളിൽ Property Tax (റഗുലർ)- 4956, Advertisement Tax- 1200 എന്നീ രേഖപ്പെടുത്തലുകൾ ഉൾപ്പെട്ടിരിക്കുന്നു.

4. തൻവർഷം കുടിശ്ശിക ഇനത്തിൽ ലഭിച്ച തുകയായി RP37 പട്ടികയിൽ ഉൾപ്പെടുത്തിയ Rent Receivable from Civic Amenities ആയി രേഖപ്പെടുത്തിയിട്ടുള്ള 7,54,187 രൂപ 2016-17 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ 5,43,759 രൂപയേക്കാൾ കൂടുതലാണ്. മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം കണക്കാക്കിയതിലും അധികമായി വരവ് ലഭിച്ചതിൽ നിന്നും ഡിമാന്റ് കണക്കാക്കിയത് തെറ്റാണെന്ന് വ്യക്തമാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

## അനുബന്ധം-3

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ബാലൻസ് ഷീറ്റ്

റസീറ്റ് & പേമെന്റ് പത്രിക

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 83691177.28 |
| Cash | Cash | RP-40(a) | 1082329.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 8984862.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | RP-2 | 679551.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1033668.00 |
| 140000000 | Fees & User Charges | RP-4 | 7960310.00 |
| 150000000 | Sale & Hire Charges | RP-5 | 329155.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 136635389.00 |
| 170000000 | Income from Investments | RP-7 | 4950.00 |
| 171000000 | Interest Earned | RP-8 | 3426312.00 |
| 180000000 | Other Income | RP-9 | 5869.00 |
| 310000000 | Municipal (General Funds) | RP-21 | 0.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 43775989.00 |
| Non operating | | | |
| 311000000 | Earmarked Funds | RP-22 | 762344. |
| 320000000 | Grants, Contribution for specific purposes | RP-24 | 32930533.00 |
| 340000000 | Deposits Received | RP-27 | 9424096.00 |
| 350000000 | Other Liabilities | RP-29 | 24671372.00 |
| 46000000 | Loans, Advances and Deposits | RP-41 | 265342.00 |
| Grand Total | | | 355663248.28 |
| | Grand total | | 228302402.28 |
| | PAYMENTS | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 21359015.00 |
| 220000000 | Administrative Expenses | RP-11 | 1371806.00 |
| 230000000 | Operations & Maintenance | RP-12 | 5480925.00 |
| 240000000 | Interest & Finance Charges | RP-13 | 340823.00 |
| 250000000 | Programme Expenses | RP-14 | 35154794.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27594040.00 |

| | | | |
|---|---|---|---|
| 25200000 | Decentralised Plan Programme- infrastructure Sector | RP-46 | 25747901.00 |
| 25300000 | Decentralised Plan Programme- Projects not included<br>in sector | RP-47 | 3000254.00 |
| 260000000 | Revenue Grants Contribution and Subsidies | RP-15 | 1108637.00 |
| 350000000 | Other Liabilities | RP-29 | 25084996.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 2172381.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | -117100.00 |
| 311000000 | Earmarked Funds | RP-22 | 9991831.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 5674950.00 |
| 340000000 | Deposits Received | RP-27 | 202715.00 |
| 350000000 | Other Liabilities | RP-29 | 46388752.00 |
| 410000000 | Fixed Assets | RP-31 | 26046187.00 |
| 412000000 | Capital work in Progress | RP-33 | 15921508.00 |
| 460000000 | Loans, Advances and Deposits | RP-41 | 1978076.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 99945151.28 |
| Cash | Cash | RP-40(b) | 1215606.00 |
| | Grand Total | | 355663248.28 |

ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക

Tirur Municipality Concurrent Municipality

INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Head of Account | Schedule No | Amount |
|---|---|---|---|
| INCOME | | | |
| 110000000 | Tax Revenue | I-1 | 43403790.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | 1-2 | 679551.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 16837639.00 |
| 140000000 | Fee & User Charges | I-4(b) | 11065851.00 |
| 150000000 | Sale & Hire Charges | I-5(b) | 352155.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 192951289.00 |
| 170000000 | Income from Investments | I-7 | 4950.00 |
| 171000000 | Interest Earned | I-8 | 3426312.00 |
| 180000000 | Other Income | I-9 | 39676.00 |
| | Total Income | | 286761213.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 62560416.00 |
| 220000000 | Administrative Expenses | I-11(b) | 8412019.0 |
| 230000000 | Operations & Maintenance | I-12(b) | 7213857.00 |
| 240000000 | Interest & Finance Charges | I-13 | 368087.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 91499521.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 22353239.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 24145587.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14 | 1605622.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 1108637.00 |
| 272000000 | Depreciation | I-17(a) | 16800800.00 |
| | Total Expenditure | | 239067785.00 |
| | Gross Surplus/ Deficit of income over Expenditure | | 29693428.00 |
| 280000000 | Prior Period Item | I-18 | 98559.00 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items.<br>Transfer to Reserve Funds | | 29791987.00 |
| | Net Balance being surplus deficit carried over to Balance Sheet (Municipal Fund) | | 29791987.00 |

ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Tirur Municipality Concurrent Municipality | | | |
| BALANCE SHEET<br>For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 72992160.78 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | B-2 | (6458911.00) |
| 312000000 | Reserves | B-3 | 112122712.00 |
| | Total Reserve & Surplus | | 178655961.78 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 102780246.00 |
| | Total Grants, Contributions for Specific Purposes | | 102780246.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 99000.00 |
| | Total Loans | | 99000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 16996590.00 |
| 350000000 | Other Liabilities | B-9 | 18288634.50 |
| | Total Current Liabilities and Provisions | | 35285224.50 |
| | TOTAL LIABILITIES | | 316820432.28 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 140037186.00 |
| 411000000 | Accumulated Depreciation | B-11 | (52191628.00) |
| 412000000 | Capital Work in Progress | B-11 | 24725340.00 |
| | Total Fixed Assets | | 112570898.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 13900872.00 |
| 421000000 | Investments - Other Funds | B-13 | 0.0 |

| | | | |
|---|---|---|---|
| | Total Investments | | 13900872.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 1007806.00 |
| 431000000 | Sundry Debtors (Receivables) | B-15 | 77962224.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -5648330.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 101160757.28 |
| 460000000 | Loans, Advances and Deposits | B-18 | 15866205.00 |
| | Total Current Assets, Loans and Advances | | 190348662.28 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 316820432.28 |